# വികസനത്തിന്റെ ധാർമ്മികത, അതിന്റെ അധാർമ്മികതയും

നിസാർ അഹമ്മദ്

**വികസനവുമായി ബന്ധപ്പെട്ട് ധാർമ്മികതയുടെയും രാഷ്ട്രീയത്തിന്റെയും പ്രശ്നങ്ങളെ എങ്ങനെ മനസ്സിലാക്കാം? ഏതു വീക്ഷണകോണിൽ നിന്നാണ് ധാർമ്മികത വികസനവുമായി ബന്ധപ്പെട്ട് ആഗോളതലത്തിൽ സാധാരണ ചർച്ച ചെയ്യപ്പെടാറുള്ളത്? വികസനത്തിന്റെ ആധായകവും ളുണാത്മകവുമായ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന ജനങ്ങളും വികസന പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ഭരണകൂടവും തമ്മിൽ എന്ത് ബന്ധമാണുള്ളത്? വികസനം എന്ന് പറയുന്നത് തന്നെ എന്താണ്?**

മുൻ അദ്ധ്യക്ഷൻ, തത്വചിന്താവിഭാഗം, സംസ്കൃത സർവ്വകലാശാല, കാലടി

ധാർമ്മികതയുടെയും രാഷ്ട്രീയത്തിന്റെയും പ്രശ്നങ്ങളെ വേർതിരിച്ചും അവ പരസ്പരം പിണഞ്ഞുകിടക്കുന്ന സന്ദർഭങ്ങളിൽ അവയെ സൂചിപ്പിച്ചും വികസനവുമായി ബന്ധപ്പെട്ട് എങ്ങനെ മനസ്സിലാക്കാം എന്നതാണ് ഇവിടെ പ്രധാനമായി ശ്രമിക്കുന്നത്. ഏതു വീക്ഷണകോണിൽ നിന്നാണ് ധാർമ്മികത വികസനവുമായി ബന്ധപ്പെട്ട് ആഗോളതലത്തിൽ സാധാരണ ചർച്ച ചെയ്യപ്പെടാറുള്ളത് എന്നത് പരിഗണിക്കേണ്ടതാണ്. വികസനവുമായി ബന്ധപ്പെട്ട നയപരമായ രേഖകളും പഠനങ്ങളുമാണ് ഇന്ന് ലോകത്തിൽ ഒരുപക്ഷെ ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചെടുത്താൽ ഏറ്റവും അധികം ഉത്പാദിപ്പിക്കപ്പെടുന്നത്. നിരവധി ഗവേഷണസ്ഥാപനങ്ങൾ വൻതോതിലുള്ള ധനസഹായങ്ങൾ സ്വീകരിച്ച് പ്രഗത്ഭമതികളായ അനേകം അക്കാദമിക്കുകളുടെ പങ്കാളിത്തത്തോടെ ഉത്പാദിപ്പിക്കുന്ന ചിന്തയുടെ മേഖലയായും വികസനത്തെ കാണാം. മിക്കവാറും എല്ലാ ലോകരാഷ്ട്രങ്ങളുടെയും ലക്ഷ്യം വികസനമായതുകൊണ്ട് ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ സദാപ്രവർത്തനനിരതമായ ഒരു പ്രയോഗമണ്ഡലമായും വികസനത്തെകാണാം. ഇതിൽ എവിടെയാണ് ധാർമ്മികതയുടെ പ്രശ്നം ഉയർന്നുവരുന്നത്? വികസനസാഹിത്യം പരിശോധിച്ചാൽ വികസനോന്മുഖ രാഷ്ട്രങ്ങളിലെ സംഘർഷങ്ങളിൽ നിന്നല്ല ധാർമ്മികതയുടെ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളത് എന്ന് കാണാം. മറിച്ച് ധനസഹായം ചെയ്യുന്ന രാഷ്ട്രങ്ങളുടെ പരിസരത്തുനിന്നാണ്, അവിടത്തെ ചിന്തകരുടെ, ചിലപ്പോൾ അവിടത്തെ ഗവൺമെന്റുകളെ ഉപദേശിക്കുന്ന സാമ്പത്തിക വിദഗ്ദരുടെ, ഇടയിൽ നിന്നാണ് വികസനത്തിൽ അന്തർഭവിച്ച ധാർമ്മികതയുടെ പ്രശ്നങ്ങൾ ഉയർന്നുവന്നത്. ധാർമ്മികത പ്രസക്തമായി വന്ന ഒരു സന്ദർഭം വികസിത രാഷ്ട്രങ്ങൾ അവികസിത-വികസനോന്മുഖ രാഷ്ട്രങ്ങൾക്ക് നൽകുന്ന സഹായവുമായി ബന്ധപ്പെട്ടതാണ്. വികസനോന്മുഖ രാഷ്ട്രങ്ങൾക്ക് ധനസഹായം ചെയ്യുമ്പോൾ എന്തൊക്കെയാണ് പരിഗണനയിൽ വരാവുന്നത്? ധനസഹായം നൽകാൻ തങ്ങൾ ധാർമ്മികമായി ബാധ്യസ്ഥരാണ് എന്ന അർത്ഥത്തിൽ ധാർമ്മികത അതിൽ കടന്നുവരാം. ധനസഹായം ചെയ്യപ്പെടുന്നവരോട് ധനസഹായം ചെയ്യുന്നവർക്ക് ഏതെങ്കിലും ഒരു ഉടമ്പടി പ്രകാരം വ്യവസ്ഥപ്പെടുത്തിയ ബാധ്യതയല്ല അത്. ദാതാക്കൾ പുലർത്തുന്ന ചില ധാർമ്മിക മൂല്യങ്ങളിൽ നിന്നാണ് അവർ ഈ ക്രിയയിൽ പ്രചോദിതരാവുന്നത്. (ഉദാരമനസ്കത, സഹജീവിസ്നേഹം, നീതി തുടങ്ങിയവ) ധനസഹായം ചെയ്യുന്നതിൽ അന്തർഭവിച്ച ധാർമ്മികതയുടെ പശ്ചാത്തലം മറ്റൊരു ന്യായത്തിൽ ഉയർത്തിക്കൊണ്ടുവരാവുന്നതാണ്: വികസനം ലോകത്തെ രണ്ട് പാതിയായി വേർപ്പെടുത്തിയിരിക്കുന്നു. അതിൽ ഒന്നാമത്തേതിനെ ലാക്ഷണീകരിക്കുന്നത് ഉത്പാദനപരമായ വളർച്ചയും പ്രകൃതിയെ വൻതോതിൽ ചൂഷണം ചെയ്തുകൊണ്ടു നി

ലനിർത്തുകയും പുരോഗമിക്കുകയും ചെയ്യുന്ന സമ്പദ്‌വ്യവസ്ഥയുമാണ്. വികസനോന്മുഖ രാജ്യങ്ങളിലും 'അവികസിത' രാജ്യങ്ങളിൽ പ്രത്യേകിച്ചും, നിലനിൽക്കുന്ന വികസനപരമായ അർത്ഥത്തിലുള്ള പിന്നോക്കാവസ്ഥയാണ് മറ്റതിന്റെ സവിശേഷത. അവികസിത രാജ്യങ്ങളിലെ പിന്നോക്കാവസ്ഥയുടെ കാരണം തേടേണ്ടത് ഇന്നത്തെ വികസിത രാജ്യങ്ങളിൽ മിക്കതും ദീർഘകാലം അവയെ കോളനികളാക്കി നിർത്തിക്കൊണ്ട് ചൂഷണം ചെയ്തിരുന്നു എന്ന വസ്തുതയിലാണ് എന്ന് പലരും ഇപ്പോൾ അംഗീകരിക്കുന്നുണ്ട്. ഈ ദിശയിൽ ചിന്തിക്കുമ്പോൾ പിന്നോക്കാവസ്ഥയിലുള്ള രാജ്യങ്ങളെ സഹായിക്കാൻ വികസിത രാജ്യങ്ങൾക്കുള്ള ബാധ്യതയെ വിശദീകരിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുന്ന സന്ദർഭത്തിൽ ധാർമ്മികത കടന്നുവരാം. ധാർമ്മികമായി ബാധ്യസ്ഥരാണെന്നും അല്ലെന്നും ഉള്ള ന്യായങ്ങൾ പൊന്തിവരാം. ധനസഹായം ചെയ്യാൻ തങ്ങൾ ബാധ്യസ്ഥരാണെന്ന വാദിക്കുന്നവർ യഥാർഥത്തിൽ അങ്ങനെ കരുതുന്നുണ്ടാവാം. അല്ലെങ്കിൽ ധനസഹായം ചെയ്യുന്നതിന്റെ ന്യായീകരണങ്ങളിൽ ഔപചാരികമായി കടന്നുവരുന്ന ഒന്നായിരിക്കാം അതിലെ ധാർമ്മികത. ധനസഹായം ചെയ്യുന്നവർ ചില പ്രത്യേക സാഹചര്യങ്ങളിൽ തങ്ങളെതന്നെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതിന്റെ ഫലമായി അവരുടെ സമീപനത്തിൽ കൊണ്ടുവരുന്ന ഒരു ശൈലീവിശേഷമായിരിക്കാം അത്. രണ്ടാമത്തെ അർത്ഥത്തിൽ ധാർമ്മികത വ്യാജമാവാം. ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തിന്ന് ധനസഹായം നല്കുന്നതിൽ അന്തർഭവിച്ച ധാർമ്മികതയുടെ പ്രശ്നം ഉയർന്നുവന്ന മറ്റൊരു സന്ദർഭം ധനസഹായം ചെയ്യുന്നരാജ്യങ്ങളിലെ തന്നെ ചിന്തകർ ആ രാജ്യങ്ങളുടെ നടപടികൾ അധാർമ്മികമെന്ന് ചൂണ്ടിക്കാണിച്ചപ്പോഴാണ്. ധനസഹായം സ്വീകരിക്കുന്ന രാജ്യം ധനം നല്കുന്ന രാജ്യത്തിൽനിന്ന് സാധനങ്ങളും സേവനങ്ങളും വാങ്ങാൻ നിർബദ്ധമാവുന്ന സ്ഥിതിവിശേഷമാണ് ഇവിടെ ധാർമ്മികതയുടെ പ്രശ്നം ഉയർത്തുന്നത്. വികസനോന്മുഖ രാജ്യങ്ങളിൽ വ്യവസായവും സ്വാശ്രിതത്വവും വർദ്ധിപ്പിക്കാനുതകുന്നതെന്ന നിലയ്ക്ക് ധനസഹായത്തിന്റെ ന്യായീകരണത്തിൽ കൊണ്ടുവരാവുന്ന ധാർമ്മികമായ ഉത്തരവാദിത്തത്തെ പൂർണ്ണമായി വ്യർത്ഥമാക്കുക മാത്രമല്ല ഇതുചെയ്യുന്നത്. ധനസഹായം സ്വീകരിക്കുന്ന രാജ്യങ്ങളെ തങ്ങളുടെ വിഭവങ്ങൾ വാങ്ങാൻ നിർബന്ധിക്കുന്നതിലൂടെ അധാർമ്മികമായൊരു പ്രവൃത്തിയിലേർപ്പെടുകകൂടിയാണ് ഈ കാഴ്ചപ്പാടിലൂടെ നോക്കിയാൽ വികസിത രാജ്യങ്ങൾ ചെയ്യുന്നത്. പെർഗാൻ ഡാംഫിയാസ്കോ അതിന്റെ മകുടോദാഹരണമാണ്. ബ്രിട്ടീഷ് ഗവൺമെന്റ് തങ്ങളുടെ ആയുധങ്ങൾ വാങ്ങാൻ മലേഷ്യയെ ബാധ്യസ്ഥമാക്കിക്കൊണ്ട് ധനസഹായം നല്കിയ സംഭവമാണിത്. (ഇന്ത്യയും പാക്കിസ്ഥാനുംപോലുള്ള രാഷ്ട്രങ്ങൾ ഇന്നും അമേരിക്കയെപ്പോലുള്ള യുദ്ധക്കച്ചവടക്കാരിൽ നിന്ന് ആയുധങ്ങൾ വാങ്ങിക്കൂട്ടുന്നത് ആ രാഷ്ട്രങ്ങളിൽ വികസനം കൊണ്ടുവരാനാണെന്ന് ആ രാജ്യത്തിലെ ജനങ്ങൾ വിശ്വസിക്കണം!) ഒരു രാജ്യം മറ്റൊരു രാജ്യത്തിന്ന് ധനസഹായം നൽകുമ്പോൾ അതിൽ ഏർപ്പെടുത്തുന്ന വ്യവസ്ഥകളിൽ സ്വയം ധാർമ്മികമോ അധാർമ്മികമോ ആയി ഒന്നുമില്ല. അവികസിത രാജ്യങ്ങളെ സഹായിക്കാനുള്ള ഉത്തരവാദിത്തം തങ്ങൾക്കില്ലെന്ന് വികസിത രാജ്യങ്ങൾ കരുതുകയാണെങ്കിൽ ധനസഹായം ഒരു കച്ചവട ഇടപാടായിത്തീരുന്നു. വികസനം ലക്ഷ്യമാക്കുന്ന രാജ്യങ്ങൾ വ്യാപാരപരമായി തുല്യമായത് പകരം കൊടുത്തു വാങ്ങുന്ന ഒന്നാണ് ഇപ്രകാരം ധനസഹായം. ധനസഹായത്തിന്റെ അർത്ഥം തന്നെ ഇന്ന് ധനക്കമ്പോളം മാറ്റി മറിച്ചിട്ടുണ്ട്. ഇന്നത്തെ ലോകത്തിൽ അതിനാൽ വികസിത രാജ്യങ്ങൾക്ക് അവികസിത രാജ്യങ്ങളുമായുള്ള ബന്ധത്തിൽ ധാർമ്മികതയുടെ മാനം കൊണ്ടുവരാൻ പ്രയാസമാണ്. ഈ ഇടപാടിൽ വാസ്തവത്തിൽ സംഭവിക്കുന്നത്, വ്യാപാരത്തിൽ സാധാരണ സംഭവിക്കുന്നത് പോലെ ചെലവും നേട്ട/ചേതങ്ങളും ആണ്. ധനസഹായം കിട്ടുന്ന രാജ്യങ്ങൾ അനുസരിക്കാൻ ബാധ്യസ്ഥമായ കടസേവനം, ഇപ്രകാരം ലാഭത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകൾ അടങ്ങിയതാണ്. വീട്ടാനുള്ള കടത്തിന്റെ മുതലും പലിശയും ചേർത്തുള്ള തുകയുടെ അടിസ്ഥാനത്തിൽ പണമടക്കുന്നതാണ് കടസേവനം. ഒരു വർഷത്തിൽ വികസനോന്മുഖ രാജ്യങ്ങളിലേയ്ക്ക് പ്രവഹിക്കുന്ന ഔദ്യോഗിക ധനസഹായത്തിന്റെ മൂന്നിരട്ടിയോളം അവിടെനിന്ന് വികസിത രാജ്യങ്ങളിലേയ്ക്ക് ഒഴുകുന്നതായിട്ടാണ് കണക്കുകൾ (നിലവിലുള്ളതല്ല) പറയുന്നത്. രണ്ട് പ്രതികർത്താക്കൾക്കും (കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും) അതുകൊണ്ട് ധാർമ്മികതയുടെ പ്രശ്നം ഉയർത്താനാവില്ല. അവരുടെ പ്രശ്നം നിയമപരമായ ലംഘനം ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ടതായിരിക്കും. ലോകബാങ്ക് ധനസഹായം (കടം) നൽകുമ്പോഴും അതിൽ ധാർമ്മികമായ ഉത്തരവാദിത്തം അന്തർഭവിക്കുന്നില്ല. 188 രാജ്യങ്ങൾ അംഗങ്ങളായുണ്ടെങ്കിലും ഫല

ലോകബാങ്ക് ധനസഹായം (കടം) നൽകുമ്പോഴും അതിൽ ധാർമ്മികമായ ഉത്തരവാദിത്തം അന്തർഭവിക്കുന്നില്ല. 188 രാജ്യങ്ങൾ അംഗങ്ങളായുണ്ടെങ്കിലും ഫലത്തിൽ അമേരിക്കയുടെ നേതൃത്വത്തിൽ സാമ്പത്തികമായി കരുത്തുറ്റ ഒരുപറ്റം രാജ്യങ്ങളാണ് അതിലെ യഥാർത്ഥ പ്രതികർത്താക്കൾ. ലോകബാങ്കിൽനിന്നു കടം സ്വീകരിച്ച ആദ്യത്തെ രാജ്യമായ ഫ്രഞ്ച് ഗവൺമെന്റ് തങ്ങൾ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ അനുസരിക്കുമെന്ന് ഉറപ്പുവരുത്താൻ അമേരിക്കൻ സ്റ്റെയിറ്റ് ഡിപ്പാർട്ട്മെന്റ് ആ ഗവൺമെന്റിൽ അംഗമായ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിൽ നിന്നു നീക്കം ചെയ്യാൻ നിർബന്ധിക്കുകയും ആ ഗവൺമെന്റ് അത് അനുവർത്തിക്കുകയും ചെയ്തു.

ത്തിൽ അമേരിക്കയുടെ നേതൃത്വത്തിൽ സാമ്പത്തികമായി കരുത്തുറ്റ ഒരുപറ്റം രാജ്യങ്ങളാണ് അതിലെ യഥാർത്ഥ പ്രതികർത്താക്കൾ. ലോകബാങ്കിൽ നിന്നു കടം സ്വീകരിച്ച ആദ്യത്തെ രാജ്യമായ ഫ്രഞ്ച് ഗവൺമെന്റ് തങ്ങൾ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ അനുസരിക്കുമെന്ന് ഉറപ്പുവരുത്താൻ അമേരിക്കൻ സ്റ്റെയിറ്റ് ഡിപ്പാർട്ട്മെന്റ് ആ ഗവൺമെന്റിൽ അംഗമായ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിൽ നിന്നു നീക്കം ചെയ്യാൻ നിർബന്ധിക്കുകയും ആ ഗവൺമെന്റ് അത് അനുവർത്തിക്കുകയും ചെയ്തു. ലോകത്തിൽ ദാരിദ്ര്യം കുറയ്ക്കുക എന്നതാണ് ലോകബാങ്കിന്റെ പ്രഖ്യാപിത ലക്ഷ്യമെങ്കിലും അത് ഒരു ധാർമ്മികമായ പരിഗണനയിൽ നിന്ന് വരുന്നതാണെന്ന് കാണിക്കുന്ന ഒന്നും അതിന്റെ പ്രവൃത്തിയിൽ നിന്ന് തെളിയുന്നില്ല. 1982ൽ അതിന്റെ മുഖ്യ സാമ്പത്തികവിദഗ്ദ്ധയായി വന്ന വ്യക്തി വികസന ധനസഹായത്തെ അപലപിക്കുകയും മൂന്നാം ലോകരാജ്യങ്ങളെ 'കടം തേടി (റെന്റ് സീക്കിങ്ങ്) രാഷ്ട്രങ്ങൾ' എന്ന് വിശേഷിപ്പിക്കുകയും ഉണ്ടായി. 1980-ന് ശേഷം ലോകബാങ്ക് കൊണ്ടുവന്ന ഘടനാപരമായ നീക്കുപോക്ക് പരിപാടി ഏഷ്യൻ, ലാറ്റിൻ അമേരിക്കൻ, ആഫ്രിക്കൻ രാജ്യങ്ങളിലെ കോടിക്കണക്കിനു കുഞ്ഞുങ്ങളുടെ ആരോഗ്യപരവും പോഷകവും വിദ്യാഭ്യാസപരവുമായ നില മോശമാക്കാൻ കാരണമായി എന്ന് യൂനിസെഫ് നിരീക്ഷിക്കുന്നു. വികസനവുമായി ബന്ധപ്പെട്ട ധനസഹായത്തിൽ ധാർമ്മികത ഉള്ളടങ്ങുന്നില്ല എന്നുകാണിക്കാനാണ് ഇത്രയും പറഞ്ഞത്.

കൊടുക്കൽ-വാങ്ങലുകളിൽ, വ്യാപാര സംബന്ധമായ ഇടപാടുകളിൽ, ധാർമ്മികത അന്തർഭവിച്ചിട്ടുണ്ടോ എന്നത് വ്യക്തമായ ഉത്തരം തരാത്ത ചോദ്യം ആണ്. വ്യാപാരപരമായി ഇടപെടുമ്പോൾ പ്രതികർത്താക്കൾ ധാർമ്മികമായി ജാമ്യമെടുക്കുകയാണെന്നു പറയാം. അതായത്, ആ ഇടപാടിന്റെ പ്രേരണയുടെയോ പ്രത്യാഘാതങ്ങളുടെയോ മേൽ ധാർമ്മികമായ മൂല്യനിർണ്ണയം നടത്തുന്നതിൽ നിന്ന് അത് നിർവ്വചനപ്രകാരംതന്നെ സ്വതന്ത്രമാണ്. എന്നാൽ അതിലെ അവ്യക്തത ഇടപാടിൽ കടന്നുവരാവുന്ന വഞ്ചനയും മറ്റും ആണ്. വഞ്ചന ഇവിടെ അധാർമ്മികമായി കരുതപ്പെടാമെങ്കിലും അധാർമ്മികമായ ഒരു കൃത്യം എന്ന നിലയ്ക്കല്ല മറിച്ച് ഒരു ഉടമ്പടി ലംഘനമെന്ന നിലയ്ക്കാണ് വ്യാപാരപരമായ ഇടപെടലിൽ വഞ്ചന സംഭവിക്കുന്നത്. ഒരു നിയമവ്യവസ്ഥയിൽ ഇത് ശിക്ഷാർഹമായ കുറ്റമായി കരുതപ്പുടുന്നു. പ്രതികർത്താക്കൾ അത്തരം സന്ദർഭങ്ങളിൽ ധാർമ്മികമായ പ്രശ്നം ഉന്നയിക്കുകയല്ല ചെയ്യുക, മറിച്ച് സ്ഥിതിവിശേഷത്തെ നിയമപരമായി നേരിടുകയാണ് ചെയ്യുക. അവ്യക്തത വീണ്ടും വരാവുന്നത് ഒരു ഉടമ്പടി തന്നെ അധാർമ്മികം അല്ലെങ്കിൽ അനീതിപൂർവം ആയിരിക്കാനുള്ള സാധ്യതയുള്ളപ്പോഴാണ്. നിയമാനുസരണമായിരിക്കുമ്പോഴും ഒരു ഇടപാട് അധാർമ്മികമാവാം. അത്തരം സന്ദർഭങ്ങളിൽ അന്തർഭവിച്ച അധാർമ്മികത പ്രതികർത്താക്കൾ തിരിച്ചറിഞ്ഞിട്ടില്ലെന്നുവരികിൽ അത് വീണ്ടും സംകീർണ്ണമായ ഒരു സ്ഥിതിവിശേഷമായിരിക്കും. അപ്പോൾ അവർ അനീതിപൂർവമായ ഒരു ബന്ധം അജ്ഞതയിൽ തുടരുകയാവാം ചെയ്യുന്നത്. ഇതൊരു പ്രാന്തപ്രശ്നം ആണെന്നുപറയാം. ഒരാളുടെ വിശ്വാസമോ ശീലമോ പാരമ്പര്യമോ അജ്ഞതയാണെന്ന് മറ്റൊരാൾ ആരോപിക്കുമ്പോഴത്തെ പ്രശ്നം ധാർമ്മികതയുടേതല്ല. തങ്ങൾ ചെയ്യുന്ന ഒരു കൃത്യം അധിർമ്മികമാണെന്ന് ചിലർ തിരിച്ചറിയുന്നില്ല എന്ന് പറയുമ്പോൾ ധാർമ്മികതയ്ക്ക് പാരമ്പര്യ നിർമ്മുക്തമായ സ്ഥാനം മനുഷ്യരുടെ ജീവിതത്തിലുണ്ടെന്ന് സ്ഥാപിക്കേണ്ടിവരും. അതിന്നായി നാം ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ പാരമ്പര്യേതരമായ ഒരു വ്യവഹാരതലത്തിൽ രൂപകല്പന ചെയ്യേണ്ടിവരും, അതും യുക്തിപരമായ ഒരു വിനിമയത്തിലൂടെ. എന്റെ യുക്തി നിങ്ങൾക്ക് സ്വീകാര്യമല്ലെങ്കിൽ ഈ ശ്രമം പരാജയപ്പെടുകയുമാവാം. ഈ സന്ദിഗ്ധാവസ്ഥ ധാർമ്മികാന്തം രാഷ്ട്രീയം എന്ന ഒരു ന്യായത്തിൽ എത്തിച്ചേരാം.

മുമ്പ് സൂചിപ്പിച്ചതുപോലെ, ചതിക്കുമ്പോഴോ തുല്യമല്ലാത്ത ആനുകൂല്യങ്ങൾ നേടുമ്പൊഴോ കരാറിലന്തർഭവിച്ചിട്ടില്ലാത്ത ചില നീക്കങ്ങളിലാവാം പ്രതികർത്താക്കൾ ഏർപ്പെടുന്നത്. കരാർ നിയമബദ്ധമായിരിക്കുമ്പോൾ അതിനുള്ള പരിഹാരം നിയമപരമായോ അല്ലെങ്കിൽ നിയമത്തിന്ന് പുറത്ത് മധ്യസ്ഥതയിലോ അല്ലെങ്കിൽ ശക്തിപ്രയോഗത്തിലോ ആണ് തേടപ്പെടുക. അതുകൊണ്ട്, പരസ്പരം വ്യാപാരബന്ധത്തിലേർപ്പെടുന്ന ഭരണകൂടങ്ങളെ ധാർമ്മികസത്തകളായി പരിഗണിക്കുന്നതിൽ അവ്യക്തതയുണ്ട്. ധാർമ്മികത അന്തർഭവിച്ചിട്ടുള്ളത് നേർക്കുനേരെയുള്ള ബന്ധങ്ങളിലോ ഇടപാടുകളിലോ ആണ്. വ്യാപാരബന്ധത്തിലേർപ്പെടുന്ന രണ്ട് ഭരണകൂടങ്ങൾ ഒരു നേർക്കുനേർ ബന്ധത്തിലാണ് പ്രവേശിക്കുന്നത്. പക്ഷെ, ഈ ഇടപാടിന്റെ വ്യവസ്ഥകൾ സർവവിശദാംശങ്ങളിലും നിയമബദ്ധമാക്കുന്നതിലൂടെ അത് ഒരു നൈയാമിക-രാഷ്ട്രീയ പ്രത്യാഘാതങ്ങൾ മാത്രമുള്ള ബന്ധമായി പരിവർത്തിക്കപ്പെടുന്നു. ധാർമ്മികമായ പ്രശ്നങ്ങൾ ഉയർന്നുവരുന്നത് മുൻകൂട്ടിത്തന്നെ അടച്ചുകളയുന്ന ഒരു ചട്ടക്കൂട്ടിലാണ് ഈ ഇടപാട് നിർവചിക്കപ്പെടുന്നത്. അതുകൊണ്ട് ഈ പ്രതികർത്താക്കളിൽ ഒന്ന് മറ്റൊന്നിന്റെ പ്രവൃത്തിയെക്കുറിച്ച് അത് അധാർമ്മികമാണെന്ന് ആരോപണം ഉയർത്താൻ യോഗ്യമല്ല. ഇതിന്നർഥം അത്തരം ആരോപണം ഉയർത്തപ്പെടുകയില്ല എന്നല്ല. ഉയർത്തപ്പെട്ടാൽ അത് ധാർമ്മികതയുടെ ആനുകൂല്യം ഇല്ലാത്തതായിരിക്കും എന്നുമാത്രമാണ്. അത് ഒരു കളിയിൽ അതിന്നുപുറത്തുള്ള മൂലകങ്ങൾ കൊണ്ടുവന്ന് എതിരാളിയെ തളർത്താൻ ലക്ഷ്യമിട്ടുകൊണ്ട് പ്രയോഗിക്കുന്ന തന്ത്രങ്ങളായി അവശേഷിക്കും.

ഭരണകൂടങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ ധാർമ്മികമാവുകയില്ല എന്ന് (അതായത് ബന്ധപ്പെടുമ്പോൾ മുൻവയ്ക്കുന്ന വ്യവസ്ഥകളോട് ആപേക്ഷികമായി) എടുത്താൽ, വികസനത്തിന്റെ ധാർമ്മികമായ പ്രത്യാഘാതങ്ങൾ തേടേണ്ടത് വികസനപ്രവർത്തനങ്ങളിൽ വ്യാപൃതമായ രാഷ്ട്രങ്ങളിലെ ജനങ്ങളുടെ വ്യത്യസ്തമായ അനുഭവങ്ങളിലാണ്. വികസിത രാജ്യങ്ങൾ വികസനോന്മുഖ രാജ്യങ്ങൾക്ക് ധനസഹായം ചെയ്യുന്ന രീതിയിൽ അന്തർഭവിച്ച അധാർമ്മികത ആ രാജ്യങ്ങളിലെ തന്നെ സഹാനുഭാവകരുടെ മനഃസാക്ഷിയെയാണ് ഉലച്ചിട്ടുള്ളത് എന്ന് നമ്മൾ കണ്ടു. തങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു ഗവൺമെന്റ് ഉൾപ്പെട്ടിട്ടുള്ള ഇടപാടിന്റെ ധാർമ്മികമായ വശങ്ങളെ പരിശോധിക്കാനുള്ള ജനാധികാരപരമായ ഉത്തരവാദിത്തമാണിതെന്നു പറയാം. പണ്ടൊരിക്കൽ ഒരു അമേരിക്കൻ മാധ്യമ പ്രവർത്തകൻ വാട്ടർ ഗയ്റ്റ് സംഭവവുമായി ബന്ധ

പ്പെട്ട് "അമേരിക്ക ഒരു ധാർമ്മിക കുഷ്ഠരോഗിയാണ്" എന്ന് പറയുകയുണ്ടായി. കുഷ്ഠരോഗം എന്ന പ്രയോഗത്തിൽ ധ്വനിക്കുന്ന അസ്പൃശ്യത എന്ന ദോഷം അവഗണിച്ചാൽ, ധാർമ്മികമായ അർത്ഥത്തിൽ ഒരു രാജ്യം എത്തിപ്പെട്ട ദയനീയമായ പതിതാവസ്ഥയെ ഈ പ്രസ്താവന ലോകത്തിന്നുമുമ്പിൽ അന്ന് അവതരിപ്പിക്കുകയുണ്ടായി. ഒരു സമൂഹം പൊതുവായി പങ്കിടുന്ന മൂല്യങ്ങളുടെ നിലവാര പരിധിക്കകത്ത് ഭരണകൂടത്തിന്റെ ചെയ്ത്തുകളും അടങ്ങുന്നത് കൊണ്ടാണ് അയാൾക്ക് അങ്ങനെ പറയാൻ കഴിയുന്നത്. വികസിതരാജ്യങ്ങളിൽ വികസനപരമായ സംരംഭങ്ങളുടെ തുടക്കം തൊട്ടുതന്നെ അതിനെ ധാർമ്മികമായി വിലയിരുത്തുന്ന നീക്കങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രതികർത്താക്കൾ പൊതുവായി പങ്കിടുന്ന മൂല്യങ്ങളിൽനിന്ന് അവരുടെ പ്രവൃത്തികൾ വ്യതിചലിക്കുമ്പോൾ, അല്ലെങ്കിൽ ആ മൂല്യങ്ങൾക്കെതിരായി അവർ പ്രവർത്തിക്കുമ്പോൾ, ആണ് അവർ തമ്മിലുള്ള നേർക്കുനേർ ഇടപാടിൽ ധാർമ്മികതയുടെ പ്രശ്നം ഉയരുന്നത്. എന്നാൽ, ധനസഹായം സ്വീകരിക്കുന്ന വികസനോന്മുഖ രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ഭരിക്കപ്പെടുന്നവരുമായുള്ള ഭരണകൂടത്തിന്റെ ബന്ധത്തിലായിരിക്കും ധാർമ്മികത സംഗതമാവുന്നത്. ജനതയെ പ്രതിനിധാനം ചെയ്യുന്നു എന്നത് കൊണ്ടാണ് ഭരണകൂടത്തിന്റെ ചെയ്ത്തുകൾക്ക് ധാർമ്മികമായ ഉത്തരവാദിത്തം വരുന്നത്. വികസനത്തിന്റെ ആധായകവും ഋണാത്മകവുമായ പ്രത്യാഘാതങ്ങൾ അനുഭവിക്കുന്ന ജനങ്ങളും വികസന പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന ഭരണകൂടവും തമ്മിൽ പ്രാഥമികമായി രാഷ്ട്രീയമായ ബന്ധമാണുള്ളത്. അത് ജനാധികാരപരമായ പ്രതിനിധാനത്തിന്റെ രാഷ്ട്രീയവുമായി ബന്ധപ്പെട്ടതാണ്. ഭരണകൂടത്തിന്റെ മറ്റ് നയങ്ങളെയും പ്രവൃത്തികളെയും പോലെ വികസനവുമായി ബന്ധപ്പെട്ട സംരംഭങ്ങളും ജനങ്ങളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമായ വിവക്ഷകളുള്ളതാണ്. പക്ഷെ, പ്രതിനിധാനത്തിന്റെ ഈ ബന്ധം, നേർക്കുനേർ ബന്ധം, ധാർമ്മികമായ ഉത്തരവാദിത്തത്തിലും ഭരണകൂടത്തെയും ഭരണീയരെയും ഉൾപ്പെടുത്തുന്നു. അതിന്നുകാരണം ഈ രണ്ടു വിഭാഗങ്ങളും അവർ പരസ്പരം പങ്കിടുന്ന ഒരു മൂല്യമണ്ഡലത്തിന്നകത്താണ് പ്രവർത്തിക്കുന്നത് എന്നതാണ്. നീതി, നേര്, പൊതുനന്മ, സ്വാതന്ത്ര്യം എന്നിങ്ങനെ എന്തിന്റെ അഭാവത്തിലാണോ പ്രതിനിധാനം നിരർത്ഥമാവുന്നത് ആ മൂല്യസഞ്ചയം അവരെ കൂട്ടിക്കെട്ടുന്നുണ്ട്. ഈ മൂല്യങ്ങളിൽ നിന്ന് വ്യതിചലിക്കുന്ന പ്രവൃത്തികൾ ഈ പ്രതികർത്താക്കളെ അത്തരം പ്രവൃത്തികളുടെ ധാർമ്മികമായ ന്യായീകരണം ആവശ്യപ്പെടുന്ന ഒരു സ്ഥിതിവിശേഷത്തിൽ കൊണ്ടുചെന്നെത്തിക്കുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഉള്ള ധാർമ്മികബാധ്യത, അതിന്റെ വിമർശകരോ, പൊതുസമൂഹമോ, പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളോപൊതുമണ്ഡലത്തിൽ കൊണ്ടുവരുന്നതു വരെ ജനശ്രദ്ധയിൽനിന്നുമറഞ്ഞിരിക്കാം. അപ്പോഴും, ഭരണകൂടം ധാർമ്മികമായിബാധ്യസ്ഥമായിരിക്കുന്ന സ്ഥിതിവിശേഷം അതിൽ അന്തർഹിതമായിരിക്കാം. അതിലെ സംകീർണ്ണത ഉദാഹരിക്കാൻ ഒരു സമീപകാല സംഭവം പരിശോധിക്കാവുന്നതാണ്. ഇന്ത്യയിൽ 2014-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് 2015-ൽ ലേൻഡ് അക്വിസിഷൻ ബില്ലിൽ ചില ഭേദഗതികൾ കൊണ്ടുവരികയുണ്ടായി. ഈ ഭേദഗതി നടപ്പാക്കുന്നതിന്ന് മുമ്പ്, '2030 അജണ്ട ഫോർ സസ്റ്റെയിനബിൾ ഡെവലപ്മെന്റ്' എന്ന പേരിൽ ഐക്യരാഷ്ട്രസഭ പുറപ്പെടുവിച്ച ഒരു രേഖയിൽ, ഐക്യരാഷ്ട്ര സഭയിലെ അംഗരാഷ്ട്രമെന്ന നിലയിൽ ഇന്ത്യയും ഒപ്പുവച്ചിട്ടുണ്ട്. (അഥവാ ഒപ്പു വച്ചിട്ടുണ്ടെന്നു വയ്ക്കുക) ഒപ്പുവെച്ച രാജ്യം ഈ രേഖ അനുശാസിക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ ബാധ്യസ്ഥമായി തീരുന്നു. ഈ രേഖയിലടങ്ങിയ നിർദ്ദേശങ്ങളെ മറി കടന്നുകൊണ്ടാണ് ലേൻഡ് അക്വിസിഷൻ റീസെറ്റിൽമെന്റ് റീഹാബിലിറ്റേഷൻ ബില്ലിൽ ഭേദഗതി കൊണ്ടുവരുന്നത്. ഭേദഗതി പ്രകാരം, ഭൂമി കൈവശപ്പെടുത്തുന്നതിൽ പ്രതിരോധം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ, ചെലവുചുരുങ്ങിയ പാർപ്പിട സൗകര്യം, ഇൻഡസ്ട്രിയൽ കോറിഡോറുകൾ, ഗവൺമെന്റിന് ഉടമസ്ഥതയുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്ന പൊതു-സ്വകാര്യ പങ്കാളിത്തം അടക്കമുള്ള പ്രൊജക്റ്റുകൾ എന്നിങ്ങനെ അഞ്ചിനങ്ങളിൽ ഈ പ്രൊജക്റ്റ് കൊണ്ടുവരുന്നതുമൂലം ബാധിക്കപ്പെടുന്നവരുടെ സമ്മതി ആവശ്യമില്ല. 2013-ലെ ലേൻഡ് അക്വിസിഷൻ റീസെറ്റിൽമെന്റ് റീഹാബിലിറ്റേഷൻ ആക്റ്റ് അനുശാസിക്കുന്നത് സ്വകാര്യ പ്രൊജക്റ്റുകൾക്ക് 80 ശതമാനവും പൊതു-സ്വകാര്യപ്രൊജക്റ്റുകൾക്ക് 70 ശതമാനവും സമ്മതി വേണമെന്നാണ്. അതിലെ നിബന്ധനകളാണ് ഈ ഭേദഗതിയിൽ എടുത്തുകളഞ്ഞത്. ഐക്യരാഷ്ട്ര സഭയുടെ 2030 വരെയുള്ള സംരംഭത്തെക്കുറിച്ചുള്ള രേഖയിൽ ഉറപ്പുനല്കുന്ന അവകാശമാണ് വികസന പ്രവർത്തനങ്ങളാൽ ബാധിക്കപ്പെടുന്നവർക്ക് ഇതുമൂലം നഷ്ടമാവുന്നത്. ഇവിടെ ധാർമ്മിക ഭ്രംശനം സംഭവിക്കുന്നത് ഐക്യരാഷ്ട്രസഭയുടെ സസ്റ്റെയിനബിൾ ഡെവലപ്മെന്റിന്റെ 2030 വരെക്കുള്ള സംരംഭ രേഖയിൽ ഒപ്പുവെച്ച ഒരു രാജ്യം അതിന് വിപരീതമായ ഒരു നിയമം നടപ്പിലാക്കിയതിലാണ്. ഇപ്പോൾ സൂചിപ്പിച്ച സംഭവത്തിന്റെ വിശദാംശം എങ്ങനെയായിരുന്നാലും വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഭരണകൂടത്തിന്ന് ധാർമ്മികബാധ്യത വരുന്ന സാഹചര്യം വ്യക്തമാക്കാൻ അത് ഉപകരിക്കും. ധാർമ്മികത രണ്ടു തരത്തിലാണ് ഇതിൽ അന്തർഭവിക്കുന്നത്. ഒന്ന്: തങ്ങളുടെ തന്നെ പ്രതിജ്ഞാബദ്ധതയ്ക്കെതിരായി പ്രവർത്തിക്കുക, വാഗ്ദാനം ലംഘിക്കുക. ഐക്യരാഷ്ട്ര സഭയുടെ ഒരു രേഖയിൽ ഒപ്പുവയ്ക്കുക എന്നത് അതിലെ നിർദ്ദേശങ്ങൾ അനുവർത്തിച്ചിട്ടില്ലെങ്കിൽ ശിക്ഷാർഹമായ നടപടിയായി തീരുന്നതരത്തിൽ ഒരു സവിശേഷ രാഷ്ട്രീയാധികാരത്തിന്റെ കീഴിൽ വരുന്ന ഒരു പ്രവൃത്തിയല്ല. അതായത്, ഒരു നിയമം ലംഘിച്ചാൽ ശിക്ഷിക്കപ്പെടുന്നത് ഒരു രാഷ്ട്രീയാധികാരം, ഭരണകൂടം, പൗരരെ അതിന്റെ നിയമങ്ങൾക്ക് വിധേയമാക്കിയത് കൊണ്ടാണ്; ദണ്ഡന ശക്തിയുടെ കുത്തകാവകാശം സ്വയം ഏറ്റെടുത്ത ഒരു ഭരണകൂടത്തിന്റെ അനുശാസനങ്ങളാൽ ബാധിക്കപ്പെടുന്നതു കൊണ്ടാണ്. ഐക്യരാഷ്ട്രസഭയുടെ രേഖയിൽ ഒപ്പുവയ്ക്കാൻ തയ്യാറാവുന്ന ഒരു രാഷ്ട്രം സ്വയം ഭരണാവകാശമുള്ള, തങ്ങൾക്ക് മേൽ മറ്റൊരു പരമാധികാരശക്തി ഇല്ലാത്ത, സ്വതന്ത്ര രാഷ്ട്രം ആണ്. ഈ ഓരോ രാഷ്ട്രവും തങ്ങളുടേതായ പരമാധികാര മേഖലയിൽ നടപ്പാക്കാൻ ശുപാർശ ചെയ്യപ്പെടുന്ന നിർദ്ദേശങ്ങൾ അതുകൊണ്ട് സ്വന്തം സംരംഭമായി എടുത്തുകൊണ്ട് സ്വീകരിക്കുന്നവയാ

ണ്. അവ അംഗീകരിക്കുക എന്നാൽ ഈ രാഷ്ട്രങ്ങൾ പരസ്പരം വാഗ്ദാനങ്ങൾ നൽകുകയെന്നാണ് വിവക്ഷ. ഈ വാഗ്ദാനങ്ങൾ പാലിക്കാനോ ലംഘിക്കാനോ പ്രതികർത്താക്കൾക്കുള്ള സ്വാതന്ത്ര്യവും ശേഷിയും അതിൽ പരോക്ഷമായി അടങ്ങിയിരിക്കുന്നു. ഐക്യരാഷ്ട്ര സഭയിൽ ഭിന്ന രാഷ്ട്രങ്ങൾ ഉൾപ്പെട്ട് സംഭവിക്കുന്ന ഈ പ്രതിജ്ഞാബദ്ധത ഒരു പ്രഹസനം അല്ലെങ്കിൽ എന്തുതരത്തിലുള്ള സ്ഥിതിവിശേഷമാണ്? പരസ്പരം കൊടുക്കുന്ന വാക്ക് പാലിക്കുക എന്നത് ഒരു മൂല്യമാണ്. മൂല്യങ്ങളുടെ മുൻഗണനാക്രമത്തിൽ എവിടെയെങ്കിലും ആണതിന്റെ സ്ഥാനം. ചില മൂല്യങ്ങൾ മറ്റു ചിലവയേക്കാൾ മുഖ്യമാണെന്ന് അവ പുലർത്തുന്നവർ കരുതുന്നു. മൂല്യങ്ങൾ പ്രതികർത്താക്കൾ പങ്കിടുകയെന്നത് അവരുടെ പ്രവൃത്തികളെ മൂല്യനിർണ്ണയത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന്റെ അടിസ്ഥാന നിലമയാണ്. പ്രതിജ്ഞാബദ്ധതയിൽ പരസ്പരം സത്യസന്ധരായാരിക്കുക എന്ന ഒരു ധാരണയും അടങ്ങിയിരിക്കുന്നു. പ്രതിജ്ഞാബദ്ധത പാലിക്കാത്തപ്പോൾ പ്രതികർത്താക്കളിൽ സത്യസന്ധതയുടെ അഭാവം ആരോപിക്കപ്പെടുന്നു. ഇപ്രകാരം അത് പ്രതികർത്താക്കൾ ധാർമ്മികമായി ഉൾപ്പെട്ട സ്ഥിതിവിശേഷമാണ്. ഈ അർത്ഥത്തിൽ പ്രതിജ്ഞാബദ്ധതയക്ക് എതിരായി പ്രവർത്തിക്കുന്നത് അധാർമ്മികമാണ്. പ്രതികർത്താക്കളെ സംബന്ധിച്ചിടത്തോളം എത്രത്തോളം പ്രധാനമാണോ ഈ മൂല്യം അത്രത്തോളം സാന്ദ്രമാണ് അവരുൾപ്പെട്ട ഈ സ്ഥിതിവിശേഷം. ധാർമ്മിക സാന്ദ്രത എന്ന് നമുക്ക് ഇതിനെ വിളിക്കാം. തങ്ങളെ ബാധിക്കുന്ന ചില വിഷയങ്ങളിൽ പരസ്പര ധാരണയിലെത്തിക്കൊണ്ട് പ്രതിജ്ഞാബദ്ധമാകുന്നത് അതിനാൽ ധാർമ്മിക സാന്ദ്രതയുടെ തോത് ഏറിയതോ കുറഞ്ഞതോ ആയ സ്ഥിതിവിശേഷമായി സംകല്പ്പിക്കാം. സാന്ദ്രതയുടെ തോത് ഏറിയ ഒന്നാണ് എങ്കിൽ മൂല്യത്തിൽ നിന്നുള്ള വ്യതിചലനം ഗുരുതരമായ അധാർമ്മിക സ്ഥിതി വിശേഷത്തിൽ പ്രതികർത്താക്കളെ എത്തിക്കുന്നു. ഇതിനെ കഠിന അധാർമ്മികത എന്നുവിളിക്കാം. ധാർമ്മിക സാന്ദ്രത കുറഞ്ഞ തോതിലാണെങ്കിൽ പ്രതികർത്താക്കളെ ക്ഷന്തവ്യമായ അധാർമ്മിക സ്ഥിതിവിശേഷത്തിൽ നിർത്തുന്നു. ഇതിനെ മൃദു അധാർമ്മികത എന്നുവിളിക്കാം. മൃദു അധാർമ്മികത നാമമാത്രമായ അധാർമ്മികതയായും ധാർമ്മിക പ്രഹസനമായും തീരാവുന്നതാണ്. പ്രതികർത്താക്കൾ മൂല്യങ്ങൾക്ക് കല്പിക്കുന്ന പ്രാധാന്യം, ഗൗരവം, വാസ്തവത്തിൽ ധാർമ്മിക സാന്ദ്രതയുടെ അവശ്യ നിലമയാണ്. സത്യസന്ധത അതീവ ഗൗരവമായിട്ടെടുക്കുന്ന ഒരു സമുദായത്തിൽ അതിൽ നിന്നുള്ള അതീവ സൂക്ഷ്മമായ വ്യതിയാനം പോലും അധാർമ്മികമാണ്. കള്ളം പറയാതിരിക്കുക എന്നതിൽ നിസ്സാരമായ കള്ളവും പെടുന്നതുപോലെ. പ്രതികർത്താക്കൾ മൂല്യങ്ങൾക്ക് ഒട്ടും പ്രാധാന്യം കൽപ്പിക്കാത്ത ഒരു സാഹചര്യത്തിൽ ധാർമ്മികതയുടെ പ്രശ്നം ഉന്നയിക്കാൻ ഇടയില്ല. ചില നേർക്കുനേർ സന്ദർഭങ്ങളിൽ കൊടുത്ത വാക്ക് ലംഘിക്കുകയെന്നത് ഗൗരവമായിട്ടെടുക്കണമെന്നില്ല. അടുത്ത ആഴ്ച കാണാം എന്നു പറഞ്ഞു സ്ഥലം വിട്ടആൾ പിന്നെ പ്രത്യക്ഷപ്പെടുന്നത് ഒരു മാസം കഴിഞ്ഞാണ്. അടിക്കടി കണ്ടുമുട്ടാറുള്ള ഈ രണ്ടു പേർക്കും അത് ധാർമ്മികമായ അസ്വസ്ഥത ഉണ്ടാക്കണമെന്നില്ല. നേരേമറിച്ച് ഗൗരവസ്വഭാവമുള്ള ഒരു സന്ദർഭത്തിൽ, വളരെ അടുത്തിടപഴകിയ കാമുകീകാമുകന്മാരിൽ ഒരാൾ മറ്റൊരാൾക്ക് കൊടുത്ത ഉറപ്പ് പാലിക്കാതെ ആ ബന്ധം ഉപേക്ഷിക്കുന്നത് മനോവേദനയോടൊപ്പം ധാർമ്മികമായ അസ്വസ്ഥതയും ഉണ്ടാക്കുന്നു. അയാളുടെ പ്രവൃത്തിയുടെ (ധാർമ്മികമായ അർത്ഥത്തിലുള്ള) നീതീകരണം ആസ്പദമാക്കി അത് അധാർമ്മികമോ അല്ലയോ എന്ന് നിർണ്ണയിക്കപ്പെടുന്നു.

സ്വയംഭരണാധികാരമുള്ള രാഷ്ട്രങ്ങൾ തമ്മിലുള്ള വാഗ്ദാനത്തിൽ അന്തർഭവിച്ച ധാർമ്മികതയുടെ രണ്ടാമത്തെ മാനം ഈ വാഗ്ദാനം അതേസമയം അതതു ഭരണകൂടങ്ങൾക്ക് അതത് പൗരരോടുള്ള വാഗ്ദാനങ്ങളുമായിരിക്കും എന്നതിൽ നിന്നാണ് വരുന്നത്. അതായത്, തങ്ങൾ ഒപ്പുവച്ച ഐക്യരാഷ്ട്രസഭയുടെ രേഖയിൽ ഭൂമി കൈവശപ്പെടുത്തുമ്പോൾ ബാധിക്കപ്പെടുന്നവരുടെ സമ്മതം വാങ്ങിയിരിക്കണം എന്നു വിവക്ഷിക്കുന്നുണ്ടെങ്കിൽ, സമ്മതം തേടേണ്ടതില്ലെന്നു ആഭ്യന്തരമായി തീരുമാനിക്കുന്നതിൽ സത്യസന്ധത ഇല്ലായ്മയുണ്ട്. വിശ്വാസ്യതയുടെ ഇരട്ടനഷ്ടമാണ് അത് ഉണ്ടാക്കുന്നത്. സത്യസന്ധത പുലർത്തുക എന്നതിന്റെ ലംഘനം ഇവിടെ ഒരു മൂല്യഭഞ്ജനമാണ്, അതിനാൽ അധാർമ്മികവും. ഒരു ജനത തങ്ങളുടെ ഗവൺമെന്റ് സത്യസന്ധമായിരിക്കേണ്ടതില്ലെന്നോ രാഷ്ട്രങ്ങൾ പരസ്പരം പുലർത്താൻ ബാധ്യസ്ഥമായ പ്രതിജ്ഞാബദ്ധതമറികടക്കുന്നതിന്ന് ഭരണകൂടങ്ങൾക്ക് മതിയായ ആഭ്യന്തരയുക്തി ഉണ്ടെങ്കിൽ പ്രതിജ്ഞ പാലിക്കേണ്ടതില്ലെന്നോ അല്ലെങ്കിൽ ഐക്യരാഷ്ട്ര സഭയെ അത്ര ഗൗരവമായിട്ടെടുക്കേണ്ടതില്ലാത്തതുകൊണ്ട് അവിടെ നൽകിയ വാഗ്ദാനവും അതുപോലെ അവഗണിക്കാവുന്നതാണെന്നോ കരുതാം. തങ്ങളുടെ വികസനത്തിന്നു വേണ്ടിയാണ് ഗവൺമെന്റ് ഇങ്ങനെ പ്രവർത്തിച്ചതെന്ന് ജനങ്ങൾ ധരിക്കുകയോ ധരിപ്പിക്കപ്പെടുകയോ ചെയ്യാം. ഇത്തരം സന്ദർഭങ്ങളിൽ അധാർമ്മികതയെന്നത് സ്ഥിതിവിശേഷത്തിന്റെ സംകീർണ്ണതയെ അപഗ്രഥിച്ച് പരിശോധിച്ചു മാത്രം തീരുമാനിക്കാവുന്നതാണ്. ധാർമ്മികതയുടെ പ്രശ്നത്തിലേയ്ക്ക് തിരിച്ചുവരുന്നതിന്ന് മുമ്പ് വികസനം എന്ന ആശയവും വികസന പ്രയോഗത്തിലടങ്ങിയ ധാർമ്മികതയെയും പരിശോധിക്കാവുന്നതാണ്.

## വികസനം

നൽകപ്പെട്ടതിന്റെ ആധായകമായ മാറ്റത്തെയാണ് വികസനം എന്ന് പറയുന്നത്. ഒരു വസ്തുവിൽ സംഭവിക്കുന്ന ഋണാത്മകമായമാറ്റം അതിന്റെ വികാസമായി എടുക്കാറില്ല. ഒരു സത്വത്തിന്ന് ഉണ്ടാവുന്ന അംഗഭംഗം ഒരു മാറ്റമാണ്. എന്നാലത് ആ സത്വത്തിന്റെ വികാസമല്ല. മൊട്ടു വിരിഞ്ഞു പൂവാകുന്നത് വികാസമാണ്. എന്നാൽ ആ പൂവ്വാടുന്നതും കൊഴിയുന്നതും മാറ്റമാണെങ്കിലും വികാസമല്ല. വളർച്ച ഒരർത്ഥത്തിൽ വികാസമാണ്. എന്നാൽ ഒരാളുടെ തല അല്ലെങ്കിൽ വയർ മാത്രം വളരുന്നത് വികാസമല്ല. ഒരു സത്വത്തിൽ അതിനെ സംബന്ധിച്ചിടത്തോളം പ്രസക്തമായ ഒരു ഗുണം ഏറി വരുന്നത് വികാസമാവാം. എന്നാൽ ഒരളവിൽ കൂടിയാൽ അത് അപ്രസക്തമാവുകയും ആ സത്വത്തിന്റെ നിലനില്പിന്നു തന്നെ ഭീഷണമാവുകയും ചെയ്യാം. എന്തൊന്നിനെ സംബന്ധിച്ചിടത്തോളവും. വികസനമെന്നത് ആപേക്ഷികമായ അർത്ഥത്തിലേ സംഗതമാവുകയുള്ളു. അതായത്, പരിമിതമായ അർത്ഥത്തിൽ മാത്ര

മേ വികസനം എന്തൊന്നിനെ സംബന്ധിച്ചിടത്തോളവും മൂല്യവത്താവുകയുള്ളു. ആധായകമായ മാറ്റമായി കരുതപ്പെടുന്നതുകൊണ്ട് വികസിക്കുക എന്നതിന്നു മൂല്യം കൽപിക്കപ്പെടുന്നു. അതായത് നല്ല മാറ്റം എന്ന അർത്ഥത്തിലാണ് വികസനം മനസ്സിലാക്കപ്പെടുന്നത്. നല്ലത് ഇവിടെ നിരപേക്ഷമല്ല, ആപേക്ഷികമാണ്. അതുകൊണ്ട് ഉപകരണാത്മകമായ ധർമ്മമാണ് വികസനത്തിന്നുള്ളത്. വികസനം ഇപ്രകാരം ഒരു ഉപകരണാത്മക മൂല്യമാണ്. അത് പരമമായ മൂല്യമല്ല. വികസനം വികസനത്തിന്നു വേണ്ടി എന്നു വരുമ്പോൾ അത് സ്വയം നിക്ഷിപ്തമായ മൂല്യമായും പരമമായ ലക്ഷ്യമായും എടുക്കേണ്ടിവരും.

മനുഷ്യരുടെ ഭൗതിക ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മിക്കവാറും അത് ഉത്പാദിപ്പിക്കാനാവശ്യമായ സാമഗ്രികൾ ആവിഷ്കരിക്കപ്പെടുന്നതിലൂടെയാണ് സംഭവിക്കുന്നത്. ഈ സാമഗ്രികൾ പ്രയോഗിക്കാൻ വേണ്ട അധ്വാനവും സജ്ജീകരണങ്ങളും മുതൽ മുടക്കുകളും മറ്റു ആധാരഘടനകളും മനുഷ്യർ തമ്മിൽ സാമൂഹികമായി ബന്ധപ്പെടുന്ന രീതിയിൽ മാറ്റങ്ങളുണ്ടാക്കുന്നു. ഇത്തരം ഒരു സ്ഥിതിവിശേഷത്തിന്ന് അതില്ലാതിരുന്ന അവസ്ഥയെ അപേക്ഷിച്ച് അധികമൂല്യം അതിൽ ഏർപ്പെടുന്ന മനുഷ്യർ കൽപ്പിക്കുമ്പോഴാണ് അത് വികസനമായി കരുതപ്പെടുന്നത്. ഈ അർത്ഥത്തിലുള്ള വികസനത്തിൽ മനുഷ്യരുടെ ഇച്ഛാശക്തിയും സർഗ്ഗശേഷിയും കായികാധ്വാനവും അടങ്ങിയിട്ടുണ്ടാവാം. ഒരു ജനപദത്തിന്റെ സാമൂഹിക ജീവിതരൂപത്തെ സംബന്ധിച്ചിടത്തോളം ആസൂത്രിതമായല്ല ഈ അർത്ഥത്തിൽ വികസനമുണ്ടാവുന്നത്. ഭൗതിക ജീവിതത്തിന്റെ ഉത്പാദനത്തിൽ ഉണ്ടായ വലിയ കുതിപ്പുകൾ പലതും ഉത്പാദക ശക്തികളിലൊന്നായ സാങ്കേതികവിദ്യയിൽസംഭവിക്കുന്ന മാറ്റങ്ങളാണെന്നു കാണാം. മനുഷ്യരുടെ കായികവും ബൗദ്ധികവും ആയ അധ്വാനത്തിന്റെ സ്വഭാവത്തിലുള്ള മാറ്റവും സാങ്കേതികവിദ്യകൾ ആവിഷ്കരിക്കപ്പെടുന്നതിന്റെ യുക്തിയിലും അവയുടെ ധർമ്മത്തിലും പ്രയോഗത്തിലും സംഭവിക്കുന്ന മാറ്റവും വാസ്തവത്തിൽ കെട്ടുപിണഞ്ഞു കിടക്കുന്നു. പാശ്ചാത്യകത്തിൽ ആധുനിക കാലഘട്ടത്തിൽ ഉണ്ടായ വ്യാവസായിക സ്ഫോടനം ഈ സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇതിലെ ശ്രദ്ധേയമായ വസ്തുത വ്യാവസായിക വളർച്ച അല്ലെങ്കിൽ 'വികസനം' യൂറോപ്പിൽ അവിടത്തെ മനുഷ്യരുടെ ഭൗതിക ജീവിതത്തിന്റെ ഉത്പാദനത്തിലുണ്ടായ വികസനവുമായി വേർപിരിച്ചെടുക്കാനാവാത്ത വിധം ബന്ധപ്പെട്ടു കിടക്കുന്നു എന്നതാണ്. അതായത്, വ്യവസായത്തിന്റെ തുടർച്ചയായ വികാസത്തെ സാർത്ഥകവും പ്രയുക്തവും ആക്കുന്ന കമ്പോളത്തിന്റെ വികാസവും അതിന്നു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന ഗതാഗത-വിനിമയ ഘടനകളും പുതിയ ഉത്പന്നങ്ങളുടെ ഉപഭോഗവും അതിന്നാവശ്യമായി വരുന്ന സാമൂഹിക ബന്ധങ്ങളും മനുഷ്യരുടെ ഭൗതിക ജീവിതത്തെ നിർണ്ണായകമായി ഉത്പാദിപ്പിക്കുകയും (ഭൗതികമായി ജീവിക്കുകയെന്നാൽ തങ്ങളെ സംബന്ധിച്ചിടത്തോളം എന്താണെന്നാണ് മനുഷ്യർ ധരിച്ചിരിക്കുന്നത് എന്ന അർത്ഥത്തിൽ അതിനെ) നിർവചിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വ്യാവസായിക വികസനത്തിന്റെ പ്രാരംഭ ദശകളിൽ വികസനമെന്നത് യൂറോപ്പിൽ മനുഷ്യരുടെ സാമൂഹിക-ഭൗതിക ജീവിതത്തിന്റെയും വ്യവസായ സംരംഭങ്ങളുടെയും പരസ്പര ബദ്ധമായവികാസമാണ്. ഇന്ന് വ്യവസായത്തെ നിർവ്വചിക്കുന്ന പല ഘടകങ്ങളും അപ്രത്യക്ഷമായിരിക്കാം. അതായത് നിർവ്വചിതരൂപത്തിൽ വ്യവസായം നിലനിൽക്കുന്നുണ്ടാവില്ല. എങ്കിലും മനുഷ്യരുടെ ഭൗതിക ജീവിതത്തെയും മുമ്പത്തെ വ്യാവസായിക പ്രക്രിയകൾക്ക് പകരം വന്ന സാമ്പത്തിക ക്രയവിക്രയങ്ങളുടെ ആകത്തുകയെയും ഒരുമിച്ച് ഒരൊറ്റ സംയുക്തമായികാണുകയാണെങ്കിൽ അതാണ് ഇന്ന് അതിവേഗം മാറിക്കൊണ്ടിരിക്കുന്നത്. അതായത് വികസനം ഒരു സമഗ്ര രൂപത്തിലാണ് സംഭവിക്കുന്നത്. മറ്റു വാക്കുകളിൽ, വ്യാവസായിക വികസനത്തിന്റെ പ്രാരംഭ ദശകളിൽ അത് പ്രകടിപ്പിച്ച ചില ഗുണങ്ങൾ മനുഷ്യരുടെ ഭൗതിക ജീവിതത്തിന്റെ ഉത്പാദനത്തിലെ അവിഭക്താംശമായിരിക്കുക എന്നത് പകരം വന്ന സാമ്പത്തിക ക്രയവിക്രയങ്ങളുടെ പുതിയ സമ്മിശ്രത്തിലും തുടരുന്നു. ധനവ്യാപാരം, വിവരസാങ്കേതികത, ഇലക്ട്രോണിക് വിനിമയ രീതികൾ, കൃത്രിമ-ബുദ്ധിപരമായ സാങ്കേതിക വിദ്യകൾ, സേവന വ്യാപാരം എന്നിങ്ങനെ പലഘടകങ്ങൾ യോജിച്ചും പ്രയോഗിക്കപ്പെട്ടും സംഭവിച്ചു കൊണ്ടിരിക്കുന്നതാണ് ഈ സമ്മിശ്രം. അത് വ്യത്യസ്തമായ ബന്ധത്തിലേർപ്പെടാനും ബൗദ്ധികവും ആത്മീയവുമായ ജീവിതത്തെ പുതിയരീതിയിൽ ഉത്പാദിപ്പിക്കാനും മനുഷ്യരെ നിർബന്ധിക്കുന്നു. ഈ അർത്ഥത്തിൽ മനുഷ്യരുടെ ഭൗതിക ജീവിതത്തിന്റെ ഉത്പാദനവും സാമ്പത്തിക ക്രയവിക്രയങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന സംയുക്തവും ചേർന്നാണ് ഇന്ന് വികസിക്കുന്നതെന്നു പറയാം. എന്നാൽ വ്യാവസായിക വികസനത്തിന്റെ മുൻകാല രൂപങ്ങളെ അപേക്ഷിച്ച് (കഴിഞ്ഞ നൂറ്റാണ്ടിന്റെ അർദ്ധശതകം വരെ നിലനിന്നിരുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി) അതിന്റെ പിൽക്കാല രൂപങ്ങളിൽ ഈ വികസന സംയുക്തത്തിൽ വന്നമാറ്റം പ്രധാനമായും ഭരണകൂടത്തിന്റെ കർതൃത്വത്തിൽ തുടങ്ങിയ ആസൂത്രണമാണ്. കഴി

**1949-ൽ അമേരിക്കൻ പ്രസിഡണ്ട് ട്രൂമാൻ വർദ്ധമാനമായ ഉത്പാദനം അഭിവൃദ്ധിയിലേയ്ക്കും സമാധാനത്തിലേയ്ക്കും ഉള്ള താക്കോൽ ആണ് എന്നു പ്രഖ്യാപിക്കുകയുണ്ടായി. ഈ അമേരിക്കൻ സമീപനം വികസനം എന്ന ആശയത്തിന്റെ ആദ്യത്തെ ആവിഷ്കരണം ആണെന്നു പറയാം. ഇപ്രകാരം, ഇന്നത്തെ വികസിത രാജ്യങ്ങളിലെ പ്രചോദിതമാക്കപ്പെട്ട ഭരണകൂടങ്ങൾ മുമ്പ് നടപ്പിൽ വരുത്താൻ ശ്രമിച്ച വികസന പരിപാടികളാണ് ഇന്ന് ലോക രാഷ്ട്രങ്ങൾക്കിടയിൽ സർവസ്വീകാര്യമായിത്തീർന്ന വികസന സംകല്പത്തിന്റെ പ്രാഗ്രൂപം നിർവചിച്ചത്.**

ഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തോടടുത്തപ്പോഴാണ് വ്യവസായവത്ക്കരണം ഊർജ്ജിതമാക്കാൻ വികസ്വര രാജ്യങ്ങളിലെ ഭരണകൂടങ്ങൾ മുൻകൈയെടുക്കാൻ തുനിഞ്ഞത്. 1949-ൽ അമേരിക്കൻ പ്രസിഡണ്ട് ട്രൂമാൻ വർദ്ധമാനമായ ഉത്പാദനം അഭിവൃദ്ധിയിലേയ്ക്കും സമാധാനത്തിലേയ്ക്കും ഉള്ള താക്കോൽ ആണ് എന്നു പ്രഖ്യാപിക്കുകയുണ്ടായി. ഈ അമേരിക്കൻ സമീപനം വികസനം എന്ന ആശയത്തിന്റെ ആദ്യത്തെ ആവിഷ്കരണം ആണെന്നു പറയാം. ഇപ്രകാരം, ഇന്നത്തെ വികസിത രാജ്യങ്ങളിലെ പ്രചോദിതമാക്കപ്പെട്ട ഭരണകൂടങ്ങൾ മുമ്പ് നടപ്പിൽ വരുത്താൻ ശ്രമിച്ച വികസന പരിപാടികളാണ് ഇന്ന് ലോകരാഷ്ട്രങ്ങൾക്കിടയിൽ സർവസ്വീകാര്യമായിത്തീർന്ന വികസന സംകല്പത്തിന്റെ പ്രാഗ്‌രൂപം നിർവചിച്ചത്. ഇതിനെ ആസൂത്രിത വികസനം എന്നതിന്നു പകരം ഭരണകൂട-പ്രേരിതമായ വികസനം എന്നു വിളിക്കാവുന്നതാണ്. ഒരു നിർവചിതാർത്ഥത്തിൽ ആസൂത്രിതമായിരിക്കില്ല അത്. ഭരണകൂടത്താൽ ഉദ്ദേശ്യപൂർവം പ്രേരിപ്പിക്കപ്പെട്ട് സംഭവിക്കേണ്ടുന്ന ഒന്നായി വികസനത്തെ സംകല്പിക്കുന്നത്, ഒരു ചിന്താഗതിയോ കാഴ്ചപ്പാടോ ആയി കരുതാം. മുമ്പ് സൂചിപ്പിച്ചതുപോലെ വികസനം മറ്റൊരർത്ഥത്തിൽ മുമ്പേതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രക്രിയയാണ്. അത് ഒരു പായുന്ന തോണിയാണ്. അതിന് ഒരു ഉന്തുകൊടുക്കുകയാണ് ഭരണകൂടങ്ങൾ ചെയ്യുന്നത്. ആ പായുന്നതുതന്നെ പ്രശ്നമാണെങ്കിലോ? സ്വകാര്യ സംരംഭകരുടെ ലാഭേച്ഛയിൽ ആണ് വികസനം ചലിക്കുന്നത്. ആ ലാഭേച്ഛയെ ത്വരിതപ്പെടുത്തുന്നതിലൂടെ അതിൽ പങ്കാളികളാവുകയാണ് ഭരണകൂടങ്ങൾ ചെയ്യുന്നത്. ഒരു ചിന്താഗതിയെന്ന നിലയിൽ അതിനെ ലാക്ഷണീകരിക്കുന്നത് സമ്പത്ത് ആർജ്ജിക്കുകയെന്ന തൃഷ്ണയാണ്. ഈ ചിന്താഗതി ലോകരാഷ്ട്രങ്ങളെ ഒന്നൊഴിയാതെ സ്വാധീനിച്ചതായി നാം കാണുന്നു. വികസനത്തിന്റെ നിലമകൾ, അതിന്റെ ഭൗതിക സാഹചര്യങ്ങൾ മാറിയെങ്കിലും ഈ ചിന്താഗതിയുടെ രാജപാതയിലാണ് ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങൾ, ഭരണ നിർവ്വഹണം പൊതുവിൽ, മുന്നേറുന്നത്. ഈ ചിന്താഗതിയോടുള്ള ചിന്തയൊഴിഞ്ഞ അടിയറവ് ഭരിക്കുന്നവരിലും ഭരണീയരിലും മറ്റൊരു പോംവഴി ഇല്ല എന്ന മനോഭാവവും സൃഷ്ടിക്കുന്നു.

ലാഭം നോട്ടമിട്ടുകൊണ്ടുള്ള സ്വകാര്യ സാമ്പത്തിക സംരംഭകരുടെ പ്രവർത്തനങ്ങളെ ഇപ്രകാരം സാമ്പത്തികമായും നിയമപരമായും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയുംപിന്തുണയ്ക്കുന്ന രീതിയാണ് ഭരണകൂടങ്ങൾ പൊതുവെ പിന്തുടരുന്നത്. രാഷ്ട്രീയമായി പരിഗണിക്കുമ്പോൾ ഈ പ്രക്രിയയിലൂടെ ഉയർന്നുവരുന്ന മാറ്റങ്ങൾ, ഈ സമ്പൽസമൃദ്ധി, രാജ്യത്ത് മൊത്തം പുരോഗതിയുണ്ടാക്കും, ജനജീവിതത്തെ പൊതുവെ മെച്ചപ്പെടുത്തും എന്നുള്ള വിശ്വാസവും ഭരണകൂടങ്ങളുടെ ഈ നിലപാടിന്നു പിന്നിലുണ്ട്. സാമ്പത്തിക വളർച്ച ഉണ്ടായാൽ അത് സാമൂഹികരംഗത്തെ വികസനത്തിലേയ്ക്ക് നയിക്കുമെന്ന ഒരു പരികല്പനയും ഈ സമീപനത്തിൽഅടങ്ങിയിട്ടുള്ളതായി കാണാം. അതുകൊണ്ട് വികസന മാർഗ്ഗം തെരഞ്ഞെടുക്കുന്ന എല്ലാ രാഷ്ട്രങ്ങളും മുഖ്യമായി സാമ്പത്തിക വളർച്ചയാണ് വികസനത്തിന്റെ സൂചകമായിട്ടെടുക്കുന്നത്. രണ്ട് കാര്യങ്ങളാണ് ഇതിൽ നിന്ന് വ്യക്തമാവുന്നത്. ഒന്ന്: മനുഷ്യരുടെ ഭൗതിക ജീവൽപ്രക്രിയയെ നിയന്ത്രിക്കുകയും ഒരു പ്രത്യേക ദിശയിലേയ്ക്ക് അതിന്റെ ഗതി ത്വരിതപ്പെടുത്തുകയും ചെയ്യുക എന്നത് ഭരണകൂടത്തിന്റെ ഉത്തരവാദിത്തമാണ്, അല്ലെങ്കിൽ ജനങ്ങൾ സ്വാഭാവികമായി ലക്ഷ്യമാക്കുന്ന ഭൗതിക മേഖലയിലുള്ള വികസനം അവർക്കു പ്രാപ്യമാക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്, എന്ന വീക്ഷണത്തിന്റെ സ്വീകാര്യതയാണ്. ജനായത്തവ്യവസ്ഥ നിലനിൽക്കുന്ന രാജ്യങ്ങളിൽ അധികാരത്തിൽ വരാനാഗ്രഹിക്കുന്ന ഏതു രാഷ്ട്രീയകക്ഷിയും ഒരു മതവിശ്വാസം പോലെ ആന്തരവത്കരിച്ച ഒരു വീക്ഷണമാണ് ഇത്. രണ്ട്: വികസനം എന്നാൽ എന്താണ് എന്നുള്ള ഒരു പ്രത്യേക വീക്ഷണത്തിന്റെ സ്വീകാര്യത. അമേരിക്കൻ മാതൃക അവലംബിച്ചു പറഞ്ഞാൽ സാമ്പത്തികമായ സമൃദ്ധിയുടെ അങ്കനം ഉയർത്തിക്കൊണ്ടേയിരിക്കുക. അത് സ്വാഭാവികമായി ഭൗതിക ജീവിതത്തിന്റെ ഇതര മേഖലകളിൽ ഗുണപരമായ മേന്മ കൊണ്ടുവരും. അതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ പൊതുസമൂഹത്തിൽ പരക്കെ പ്രതിഫലിക്കും. ഇപ്രകാരം ഉള്ളടക്കത്തിലും ഉദ്ദേശ്യത്തിലും വ്യത്യസ്തമായ വീക്ഷണങ്ങൾക്ക് ലഭിച്ച സർവ്വ സ്വീകാര്യതയുടെ അന്തരീക്ഷത്തിലാണ് നാം വികസനം എന്ന ആശയത്തെ പരിശോധിക്കേണ്ടത്. ഒന്നാമത്തേത് ഭൗതികജീവിതത്തെ സമീപിക്കുന്നതിന്നു വേണ്ടി ഭരണകൂടങ്ങൾ അവലംബിക്കുന്ന കൃത്രിമമായ കാഴ്ചപ്പാടാണ് എന്ന് ഓർക്കണം. അതായത്, ഭരണനിർവ്വഹണ മണ്ഡലത്തിൽ നിന്നുകൊണ്ട് രാജ്യത്തെ ഭൗതിക ജീവൽപ്രക്രിയയെ എങ്ങനെ കാണണം എന്നതിനെ സംബന്ധിച്ചിടത്തോളം ലഭ്യമായ കാഴ്ചപ്പാടുകളിൽ ഒന്നുമാത്രമാണത്. അത് അനിവാര്യമായ യുക്തിയിൽ നിന്ന് അത്രതന്നെ സ്വാഭാവികമായി നിഷ്പന്നമായ ഒരു നിഗമനം അല്ല. കാഴ്ചപ്പാടുകളിൽ ഏതെങ്കിലും ഒന്നിനോട് പ്രതിജ്ഞാബദ്ധമാവുകയെന്നത് രാഷ്ട്രീയമായ നീക്കമാണ്. മുമ്പ് പറഞ്ഞതുപോലെ ഭൗതികമായ വികസനത്തിന്ന് പ്രേരകമായി തീരുന്ന നടപടികളിൽ ഭരണകൂടം ഇടപെടണം എന്നത് ഒരു രാഷ്ട്രീയമായ നീക്കമാണെന്ന് തിരിച്ചറിയാൻ പറ്റാത്തവണ്ണം അതിന്ന് ഇന്ന് അനുകർത്താക്കളിൽ മതവിശ്വാസത്തിന്റെ പരിവേഷമാണുള്ളത്. രാഷ്ട്രീയമായ ഒരു നീക്കത്തിൽ അന്തർഭവിച്ച സ്വതന്ത്രമായ തെരഞ്ഞെടുപ്പിന്റെ ഇടം, അതായത് ഒരു വീക്ഷണം യുക്തിപരമായ പരിഗണനകളുടെ പിൻബലത്തിലൂടെ തെരഞ്ഞെടുക്കപ്പെടാനോ തെരഞ്ഞെടുക്കപ്പെടാതിരിക്കാനോ സാധ്യതയേകുന്ന ഒരു ഇടം ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു, തന്റെ മതവിശ്വാസത്തിൽ ഒരു മതാനുയായിക്ക് തെരഞ്ഞെടുക്കാൻ ഇടമില്ലാത്തതുപോലെ. അടയാളപ്പെടുത്താനുള്ള സൗകര്യത്തിന്നു വേണ്ടി ഇതിനെ ഭരണകൂടത്തിന്റെ ദിശാഭിമുഖ്യ ദൃഢീകരണം എന്നുവിളിക്കാം. ഇപ്രകാരം ദിശാഭിമുഖ്യ ദൃഢീകരണം എന്നത് ഭരണനിർവ്വഹണ മണ്ഡലത്തിലേയ്ക്ക് കടക്കുന്ന രാഷ്ട്രീയ കക്ഷികളെ ഒന്നടങ്കം ബാധിക്കുന്ന ദൃഷ്ടിവിപര്യയം ആണ്. നാം വികസനത്തെക്കുറിച്ച് പഠിക്കുമ്പോൾ ഈ ദിശാഭിമുഖ്യ ദൃഢീകരണം വിഷയമാക്കേണ്ടതല്ലേ എന്നത് ചിന്തനീയമാണ്. ഇതൊരു വിഷയമായി നമ്മുടെ പഠനത്തിൽ കടന്നു വരണമെങ്കിൽ വികസനമെന്ന ആശയത്തെ തന്നെ സ്വീകാര്യതയുടെ പിൻബലമില്ലാതെ പരിശോധിക്കാൻ തയ്യാറാവണം. വികസനത്തെ ചോദ്യം

ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന്ന് രാഷ്ട്രീയമായി അതിജീവിക്കാൻ കഴിയാത്ത ഒരന്തരീക്ഷത്തിലാണ് നാം ഇത് ചെയ്യുന്നത് എന്നത് ഒരു ചിന്താവിപ്ലവം അനിവാര്യമാണ് എന്നതിലേയ്ക്ക് ചൂണ്ടുന്നു.

ദിശാഭിമുഖ്യ ദൃഢീകരണത്തിൽ നിന്നു വ്യത്യസ്തമായി വികസനത്തെക്കുറിച്ചുള്ള ചർച്ചയിൽ വരേണ്ട ഒരു പ്രമേയം വികസന സംകല്പം ആണ്. വികസനത്തെ സംകല്പിക്കുന്നതിൽ ഉള്ള വ്യത്യസ്തതകളെയാണ് അത് വിഷയമാക്കുന്നത്. ഈ അർത്ഥത്തിൽ സാമ്പത്തികവളർച്ച സമം വികസനം എന്നത് വികസനത്തെക്കുറിച്ചുള്ള സംകല്പനങ്ങളിൽ ഒന്നുമാത്രം ആണ്. നാം അന്വേഷണം ഈ ദിശയിലേയ്ക്ക് തിരിക്കുമ്പോൾ വികസന സംകല്പനങ്ങളിൽ ഉള്ളടങ്ങിയ രാഷ്ട്രീയ നിലപാടുകളെ അതു തുറന്നുകാട്ടും. അതായത്, വികസനത്തെ കുറിച്ചുള്ള ഒരു പ്രത്യേക സംകല്പനം ഒരു സവിശേഷമായ രാഷ്ട്രീയ ഇച്ഛാശക്തിയെ ആണ് പ്രതിഫലിപ്പിക്കുക. വികസനത്തെ തന്നെ പ്രശ്നവത്കരിക്കുന്നതിൽ നിന്നുവ്യത്യസ്തമായി, അതായത് വികസനപരമായ ദിശാഭിമുഖ്യ ദൃഢീകരണം നൽകപ്പെട്ടതായിട്ടെടുത്താലും, വികസനം എങ്ങനെയായിരിക്കണം എന്നത് ഒരു രാഷ്ട്രീയ ഇച്ഛാശക്തിയാണ് തീരുമാനിക്കുന്നത്. സാമ്പത്തിക വളർച്ച സമം വികസനം എന്ന വീക്ഷണം ഇപ്രകാരം (സ്വകാര്യ) സാമ്പത്തിക പ്രതികർത്താക്കൾക്ക് ജനങ്ങളുടെ ഭൗതിക ജീവിതത്തിന്റെ ഉത്പാദനത്തെ രൂപപ്പെടുത്താനും പരിവർത്തിപ്പിക്കാനും ഉള്ള സൗകര്യം ഏർപ്പെടുത്തുന്ന ഒരു രാഷ്ട്രീയമാണ്. മനുഷ്യർ എന്തുപഭോഗിക്കണം എങ്ങനെ ഉപഭോഗിക്കണം എന്നത് നിർണ്ണയിക്കുന്നത് ഇവിടെ ഒരു വർഗ്ഗത്തിന്റെ ലാഭേച്ഛയാൽ പ്രേരിതമായ സാമ്പത്തിക പ്രവർത്തനങ്ങളാണ് എന്നതാണ് അതിലെ രാഷ്ട്രീയം. ജനങ്ങളെ പ്രതിനിധാനം ചെയ്ത രാഷ്ട്രീയാധികാരം നേടുന്ന കക്ഷികൾ ഇപ്രകാരം ഒരു പ്രത്യേക വർഗ്ഗത്തിന്റെ താത്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നവരായി മാറുന്നു. വികസനത്തെ ആശ്ലേഷിക്കുന്ന രാഷ്ട്രീയകക്ഷികൾക്ക് ഇടയിലുണ്ടെന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ വ്യത്യാസങ്ങളെ ആത്യന്തികമായി മായ്ച്ചുകളയുന്നത് ഈ (ഗോപനം ചെയ്യപ്പെട്ട) വർഗ്ഗതാത്പര്യമാണ്. രണ്ടാമതായി, വികസനത്തെകുറിച്ച് വ്യത്യസ്തമായ വീക്ഷണങ്ങൾ സാധ്യമാണെന്ന ഉൾക്കാഴ്ച 'വികസനം സമം സാമ്പത്തിക വളർച്ച' എന്നതിനെ രാഷ്ട്രീയ വിവക്ഷകളുള്ള ഒരു തെരഞ്ഞെടുപ്പാണെന്ന നിലയിൽ പ്രശ്നവത്കരിക്കുന്നു.

വികസനത്തെക്കുറിച്ചുള്ള സംകല്പനങ്ങളിൽ നിന്നു വ്യത്യസ്തമായി മനസ്സിലാക്കപ്പെടേണ്ടതാണ് അതിനെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ. അത്തരം സിദ്ധാന്തങ്ങൾ സ്വഭാവേന അക്കാദമികമായ അഭ്യാസങ്ങളായിരിക്കും. അവ വികസനത്തെ പ്രശ്നവത്കരിക്കുന്നതോ വികസനത്തെ വിശദീകരിക്കുന്നതോ വികസനത്തെ വിമർശനാത്മകമായി സമീപിക്കുന്നതോ വികസനത്തെ സൈദ്ധാന്തികമായി ന്യായീകരിക്കുന്നതോ ആവാം. വികസന സംകല്പനങ്ങൾ മറിച്ച് വികസനത്തെ അംഗീകരിച്ചുകൊണ്ട് അതിനെക്കുറിച്ച് വ്യത്യസ്തമായ വീക്ഷണങ്ങൾ ആവിഷ്കരിക്കുന്നവയാണ്. എന്നാൽ അങ്ങനെ ചെയ്യുന്നതും അക്കാദമികവും സൈദ്ധാന്തികവുമായ നിലവാരം പാലിച്ചുകൊണ്ടാവാം. ഇതിന്നർത്ഥം വികസനത്തെകുറിച്ചുള്ള ഏതു സിദ്ധാന്തവും വികസനത്തെ കുറിച്ചുള്ള ഒരു സംകല്പനം അടങ്ങിയതാവാം എന്നാണ്. എന്നാൽ എല്ലാ വികസന സംകല്പനങ്ങളും അക്കാദമികമായ മാനദണ്ഡങ്ങളനുസരിച്ചുള്ള സൈദ്ധാന്തിക നീക്കങ്ങളായിരിക്കില്ല. അതേസമയം ഏതു വികസന പ്രയോഗത്തിലും ഒരു വികസന സംകല്പനം അടങ്ങിയിട്ടുണ്ട്. വികസനത്തിന്റെ ഒരു പ്രത്യേക പ്രയോഗത്തിൽ നിന്ന് അതിൽ അടങ്ങിയ വികസന സംകല്പനം വായിച്ചെടുക്കാം. വികസനത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങളിൽ ചിലത് വികസനത്തെ പ്രശ്നവത്കരിക്കുന്നതിനാൽ വികസനപരമായ പ്രയോഗത്തിൽ പ്രതിഫലിക്കാനിടയില്ലാത്തവയാണ്. മറ്റു ചിലത് വികസനത്തെ അംഗീകരിക്കുന്നവയാണെങ്കിൽ കൂടി പ്രയോഗത്തിൽ വന്നിട്ടില്ലാത്തവയാണ്. വികസനപരമായ പ്രയോഗങ്ങളിൽ ചിലത് സിദ്ധാന്തങ്ങളാൽ സ്വാധീനിക്കപ്പെടാമെങ്കിലും പ്രായോഗിക പരിഗണനകളാൽ ആ സിദ്ധാന്തങ്ങൾ അവയുടെ തന്മ നിലനിർത്തപ്പെടാതെ ആയിരിക്കും പ്രയോഗങ്ങളിൽ പ്രതിഫലിക്കുന്നത്. അതിനാൽ അക്കാദമികമായ സിദ്ധാന്തങ്ങളും വികസനപരമായ പ്രയോഗങ്ങളും തമ്മിലുള്ള വിടവ് നിലനിൽക്കുന്നു. ഇതിനർത്ഥം വികസന സിദ്ധാന്തങ്ങൾ അക്കാദമിക അഭ്യാസങ്ങളെന്നതിനപ്പുറം വികസനപരമായ പ്രയോഗത്തിന്റെ പ്രകരണത്തിൽ തീർത്തും അപ്രസക്തമാണെന്നല്ല. അവയുടെ പ്രസക്തി വികസനത്തെ വിമർശനാത്മകമായി മനസ്സിലാക്കാനോ അതിൽ ഗുണപരമായ മാറ്റങ്ങൾ വേണമെന്നുണ്ടെങ്കിൽ അതിനു മാർഗ്ഗദർശകമാവാനോ വികസനത്തിന്റെ തന്നെ ബദൽ വികസന രാഷ്ട്രീയത്തിന്നെതിരെ മുന്നോട്ടുവയ്ക്കാനോ സഹായിക്കാം എന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഇവയെല്ലാം തന്നെ പ്രയോഗവുമായി വികസനസിദ്ധാന്തങ്ങൾ ബന്ധപ്പെടുന്ന മുഹൂർത്തങ്ങളാണ്.

വികസന പ്രയോഗങ്ങളുടെ പ്രകരണത്തിൽ നിന്നു ഉയർന്നുവന്ന, അക്കാദമികമെന്നോ സൈദ്ധാന്തികമെന്നോ നിർവ്വചിതാർത്ഥത്തിൽ പറയാനാവാത്ത, വികസനത്തെ കുറിച്ചുള്ള വിമർശനപരമായ ചിന്തകൾ മേൽപറഞ്ഞവയിൽ നിന്ന് വ്യത്യസ്തമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. വികസന മുന്നേറ്റങ്ങൾ ലോകമെങ്ങും കൊണ്ടുവന്ന പരിസ്ഥിതിപരമായ നാശത്തെ ഗൗരവമായിട്ടെടുത്തുകൊണ്ട് അതിന്റെ നിലനില്ക്കുന്ന രൂപങ്ങളെ വിമർശിക്കുന്നവയാണ് അവയിൽ ഒരു വിഭാഗം. വികസന പ്രവർത്തനങ്ങൾ ജനങ്ങളുടെ ആവാസവ്യവസ്ഥയെ അട്ടിമറിക്കുകയും അവരെ സ്ഥാനഭ്രംശരാക്കുകയും ചെയ്യുന്ന സംഭവങ്ങളുടെ വർദ്ധന ആണ് വിമർശനത്തിന്നും പ്രതിരോധത്തിന്നും ഇടവച്ച മറ്റൊന്ന്. ഒന്നാം ലോകരാജ്യങ്ങളിൽ ഉണ്ടായ വികസനപരമായ കുതിപ്പും മൂന്നാം ലോകരാജ്യങ്ങൾക്ക് ഒന്നാംലോക രാജ്യങ്ങളോട് ഉണ്ടായി വന്ന വർദ്ധമാനമായ ആശ്രയത്വവും വികസനത്തെ സന്ദേഹത്തോടെ നോക്കാൻ കാരണമാക്കിയ ഘടകമാണ്. ഇത്തരം പ്രതികരണങ്ങളിൽ സിദ്ധാന്തവത്ക്കരണമല്ല മുന്തിനില്ക്കുന്നത്, മറിച്ച് ജനപദങ്ങൾ യഥാർത്ഥത്തിൽ അനുഭവിച്ച ഭൗതികജീവിതത്തിന്റെ സംഘർഷങ്ങൾ ആണ്. വികസനം മാത്രമല്ല നേരിട്ട വിമർശനത്തിന്ന് പാത്രമായത്. വികസനത്തോടൊപ്പം അവികസിത രാജ്യങ്ങളിലേയ്ക്ക് കയറ്റി അയക്കപ്പെടുകയും അവിടങ്ങളിൽ തന്നെ ബൗദ്ധികമായ വിധേയത്വത്തോടെ ഉത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്ന വികസന പഠനങ്ങളും

സിദ്ധാന്തങ്ങളും ഇതുപോലെ വിമർശിക്കപ്പെട്ടിട്ടുണ്ട്. മൈക്കൽ എഡ്വേഡ്സ് 'വികസന പഠനങ്ങളുടെ അപ്രസക്തി' എന്നൊരു ലേഖനം 1989-ൽ തന്നെ എഴുതുകയുണ്ടായി. അവികസിത രാജ്യങ്ങളിലേയ്ക്ക് വികസനത്തെക്കുറിച്ചുള്ള വിവരത്തിന്റെയും ഉപദേശത്തിന്റെയും ഒഴുക്കിന്ന് നേർ വിപരീത അനുപാതത്തിലാണ് അവിടങ്ങളിൽ ഉണ്ടാവുന്ന വികസന ഫലങ്ങൾ എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഇതിനോട് ചേർത്തു കാണാവുന്നതാണ് ബൗദ്ധികാശ്രിതത്വ സിദ്ധാന്തം. മൂന്നാം ലോക പണ്ഡിതരുടെ അപഹൃത ചിത്തതയെ കുറിച്ചാണ്, മനോബന്ധനത്തെ കുറിച്ചാണ്, അതുപറയുന്നത്. ഒരുകാലത്ത് യൂറോപ്യർ കോളനികളാക്കി ചൂഷണം ചെയ്ത രാജ്യങ്ങളിലെ ബൗദ്ധികപ്രയോക്താക്കൾ, ഈ കോളനികൾ സ്വതന്ത്ര രാജ്യങ്ങളായി മാറിയതിന്നുശേഷവും കൊളോണീയഭാഷ സംസാരിക്കുകയും അവരെപ്പോലെ ചിന്തിക്കുകയും ചെയ്ത സ്ഥിതിവിശേഷമാണ് ബുദ്ധിപരമായ ആശ്രിതത്വത്തിന്റെ പശ്ചാത്തലം. പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുവരുന്ന വികസന സംകല്പങ്ങൾ ചോദ്യംചെയ്യാതെ പകർത്തുകയോ അവ ദേശ കാല പരാമർശങ്ങളോടെ അനുകരിക്കുകയോ തങ്ങളുടെ സാമൂഹ്യ സന്ദർഭങ്ങളിൽ പുനരുത്പാദിപ്പിക്കുകയോ ചെയ്യുന്നതിനെ കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. വാസ്തവത്തിൽ സൂക്ഷ്മമായ പരിഗണനയിൽ തെളിഞ്ഞുവരുന്നത് ബൗദ്ധികമായ ആശ്രിതത്വം നിലനിർത്തിക്കൊണ്ടാണ് വികസനം എന്ന ആശയം മുൻ അധിനിവേശിത രാജ്യങ്ങളിൽ സ്വാധീനമുറപ്പിക്കുന്നത് എന്നാണ്. ഈ സ്ഥിതിവിശേഷത്തെ സൈദ്ധാന്തികമായ തലത്തിൽ പ്രതിനിധാനം ചെയ്യാനും വിശദീകരിക്കാനും എസ്കോബാർ 1980-കളിൽ ശ്രമിക്കുകയുണ്ടായി. 'പാശ്ചാത്യ പണ്ഡിതർ നിർമ്മിക്കുകയും ലോകബാങ്ക് തൊട്ട് പ്രാദേശിക ആസൂത്രണ ഏജൻസികൾ വരെയുള്ള വികസന സംഘടനകൾ പ്രയോഗിക്കുകയും ചെയ്യുന്ന വികസന വ്യവഹാരം മൂന്നാംലോകത്തിലെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയവ്യവസ്ഥകളെ കൈയടക്കിയും അവയ്ക്കുള്ളിൽ കയറിയും നീങ്ങുന്ന ഒന്നാണ്. 'എന്ന് ഫുക്കോയുടെ ശക്തിയെക്കുറിച്ചുള്ള ആശയം അവലംബിച്ച് അദ്ദേഹം വിശദീകരിക്കുകയുണ്ടായി. സൂക്ഷ്മ തലത്തിലുള്ള ബന്ധങ്ങളിലെ ശക്തിയുടെ ബന്ധങ്ങൾ കൂടുതൽ സാമാന്യമായ അധീശത്വരൂപങ്ങളുടെ നിലമകളാവുകയും അത്തരം സ്ഥൂലതല ഘടനകൾ തിരിച്ച് സൂക്ഷ്മതല ബന്ധങ്ങളെ പരിഷ്കരിക്കുകയും ചെയ്യുന്നുവെന്നാണ് ഫുക്കോയുടെ നിരീക്ഷണങ്ങളിൽ ഒന്ന്. യൂറോപ്പിൽ സൂക്ഷ്മതല വ്യവഹാരത്തിലൂടെ സ്പഷ്ടീകരണം നേടുന്ന ശക്തിബന്ധം കോളണിവ്യവഹാരത്തിന്റെ സ്ഥൂലതല ബന്ധത്തിന്ന് അടിസ്ഥാനമാവുകയും അത് തിരിച്ച് കോളണിവത്കൃതമായ സൂക്ഷ്മതല ബന്ധങ്ങളെ നിർവ്വചിക്കുകയും ചെയ്തുകൊണ്ടാണ് വികസനം ലോക വ്യാപകമായത് എന്നു വാദിക്കാം. വ്യവഹാരം അതിന്റെ ജ്ഞാനപരമായ വശത്തിൽ വിഷയികളെയും നിർമ്മിക്കുന്നുണ്ട്. ഇത്തരം വിഷയികളെ ഉത്പാദിപ്പിച്ചുകൊണ്ടാണ് വികസന വ്യവഹാരം നിലനിർത്തപ്പെടുന്നത്. വികസന വ്യവഹാരം ചില പ്രത്യേക താത്പര്യങ്ങളെയാണ് സേവിക്കുന്നത് എന്നും പറയാം. അനുയോജ്യമായ വിഷയികളെ പുനരുത്പാദിപ്പിച്ചുകൊണ്ട് വികസനവ്യവഹാരം വികസനത്തേയും നിലനിർത്തുന്നു.

വികസനത്തെക്കുറിച്ചുള്ള വീക്ഷണങ്ങളെ പരിശോധിക്കുമ്പോൾ തെളിഞ്ഞുവരുന്നത് അവയുടെ ശുപാർശകളിലുള്ള വ്യത്യാസങ്ങളാണ്. ഒന്നുകിൽ വികസന പരിപാടികളിൽ കാലാനുസരണമുള്ള മാറ്റങ്ങൾ വരുത്തി അതുമായി മുന്നോട്ടുപോകുകയോ അല്ലെങ്കിൽ എന്തെങ്കിലും തത്വത്തിന്റെ അടിസ്ഥാനത്തിൽ പ്രയോഗത്തിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് വികസന പ്രവർത്തനങ്ങൾ തുടരുകയോ അതും അല്ലെങ്കിൽ വികസനം തന്നെ ഉപേക്ഷിക്കുകയോ ചെയ്യുക എന്നിവയാണ് ശുപാർശകളിൽ പ്രധാനപ്പെട്ടവ. ഇതിൽ ആദ്യത്തേത് മിക്കരാജ്യങ്ങളും പിന്തുടരുന്ന രീതിയാണ്. അതിൽ ഉയർത്തിക്കാട്ടപ്പെടുന്നത് വികസനം ജനങ്ങളുടെ ഭൗതിക ജീവിതത്തിൽ കൊണ്ടുവന്നതായി പറയപ്പെടുന്ന അഭിവൃദ്ധിയാണ്. വലിയവിഭാഗം ജനങ്ങളുടെ ജീവിതനില മെച്ചപ്പെടുത്താൻ സഹായിക്കുന്നു എന്നതാണ് അതിന്റെ അനന്തരഫലമായി മനസ്സിലാക്കപ്പെടുന്നത്. രണ്ടാമത്തെ ശുപാർശയിൽ മെച്ചപ്പെടലിന്റെ തന്നെ മാനദണ്ഡങ്ങളെ പരിശോധിച്ച്കൊണ്ട് ചില വികസന മാതൃകകൾ എന്തുകൊണ്ട് ഈ മാനദണ്ഡങ്ങളെ തൃപ്തിപ്പെടുത്തില്ല എന്നും വികസന പ്രയോഗത്തിൽ എന്തു മാറ്റങ്ങൾ കൊണ്ടുവന്നാലാണ് ജീവിതനിലകൾ യഥാർഥത്തിൽ മെച്ചപ്പെടുക എന്നും സൂചിപ്പിക്കുന്നു. മൂന്നാമത്തെ ശുപാർശയിൽ അസ്തിത്വപരമായും രാഷ്ട്രീയമായും ജനങ്ങൾ മറികടക്കേണ്ടുന്ന ഒരു സ്ഥിതിവിശേഷമാണ് വികസനം. ജീവിതദർശനപരമായ വിപ്ലവം ആണ് ഈ വീക്ഷണം പ്രാഥമികമായി സമകാല ജനവിഭാഗങ്ങളിൽ നിന്നു ആവശ്യപ്പെടുന്നത്. അതുകൊണ്ട് മൂന്നാമത്തെ ശുപാർശ വിശദമായ ദാർശനിക വിശകലനത്തിലൂടെ മാത്രമേ മൂല്യനിർണ്ണയത്തിന്നു വിധേയമാക്കാനാവൂ. അതിന്ന് ഇപ്പോൾ ശ്രമിക്കുന്നില്ല. ഒന്നാമത്തെ ശുപാർശ സ്വീകാര്യമല്ലെങ്കിൽ, അതായത് വികസനത്തോടുള്ള രാജിയാവാത്ത പ്രതിബദ്ധതയുടെ അഭാവത്തിൽ, ഗൗരവപൂർവം പരിഗണിക്കേണ്ടത് ഒരുപക്ഷെ ജനജീവിതത്തിന്മേൽ ഹ്രസ്വവും ദീർഘവുമായ കാലയളവുകളിൽ വികസനപ്രയോഗം (അത് ഒരു സാധാരണഗതിയായി എടുത്താൽ) ഉണ്ടാക്കുന്ന ദ്രോഹകരമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുകയും അവയെ മറികടക്കാൻ വികസനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിലും പ്രയോഗത്തിലും അടിസ്ഥാനപരമായ എന്തു മാറ്റങ്ങളാണ് വരുത്തേണ്ടതെന്നും ആണ്. ചില പ്രത്യാഘാതങ്ങൾ തീർച്ചയായും വികസനത്തെക്കുറിച്ചുള്ള വികലമായ കാഴ്ച്ചപ്പാടിൽ നിന്ന് ഉദ്ഭവിക്കുന്നതായി കാണിക്കാൻ പറ്റും. അത്തരം സന്ദർഭങ്ങളിൽ നയപരമായ ഇടപെടലിലൂടെ വികസന പ്രയോഗത്തെ ആധായകമായ രീതിയിൽ പരിവർത്തിപ്പിക്കാവുന്നതാണ്. വികസനം പൊതുവെ ജനജിവിതത്തിന്ന് ഗുണകരമാണെന്ന് എടുത്തില്ലെങ്കിൽപോലും വികസനത്തിന്റെ ദുഷ്ഫലങ്ങളെ തടയുന്ന രീതിയിൽ അത് തുടർന്നുകൊണ്ടുപോകാനാവുന്നത് ആപേക്ഷികമായി നല്ലതാണ്. മറ്റു ചില പ്രത്യാഘാതങ്ങൾ വികസന പ്രയോഗത്തിലെ വൈകല്യങ്ങൾ മൂലമാവാം. അഴിമതി, അലംഭാവം, പരിസ്ഥിതിപരമായ അജ്ഞത, പ്രയോക്താക്കളുടെ വിവരമില്ലായ്മ തുടങ്ങിയവ പ്രതികൂലമായ ഫലങ്ങൾ ഉളവാക്കാവുന്നതാണ്. ഇതിൽ ആദ്യത്തെ തരം പ്രത്യാഘാതങ്ങൾ കണക്കിലെടുക്കുന്ന ഒരു ശുപാർശയാണ് മൂല്യാധിഷ്ഠിത വികസനം. അത്തരത്തിലുള്ള ഒരു സമീപനത്തെ

മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ വികസന പ്രയോഗത്തിൽ യഥാർഥത്തിൽ അന്തർഭവിച്ചിരിക്കാനിടയുള്ള ധാർമ്മികമായ പരിഗണനകളുടെ പ്രകൃതവും നമ്മുടെ മുമ്പിൽ തെളിഞ്ഞുവരും. അതായത്, അപ്പോൾ ഒരു ഭരണകൂടത്തിന്ന് ജനങ്ങളോടുള്ള പ്രതിജ്ഞാബദ്ധതയും ആ ഭരണകൂടത്തിന്റെ ധാർമ്മികമായ ഉത്തരവാദിത്തവും അതിന്റെ ഭരണനിർവഹണപരമായ പ്രവൃത്തികളിൽ എന്തളവിൽ ഉൾകൊണ്ടിരിക്കുന്നുവെന്ന് നമുക്ക് കണക്കാക്കാൻ കഴിയും. ഈ ശുപാർശകൾ സ്വയം ഈ അർത്ഥത്തിൽ ഒരു മാനദണ്ഡം നിർദ്ദേശിക്കുന്നില്ലെങ്കിലും അവയിൽ നിന്ന് അത് നിഷ്പാദിപ്പിക്കാവുന്നതാണ്. അത്തരത്തിൽ ഒരു മാനദണ്ഡം നിഷ്പാദിപ്പിക്കാൻ ഉതകുക എന്നത് ഒരർത്ഥത്തിൽ അതിന്റെ യോഗ്യതയായും കരുതാവുന്നതാണ്. അമർത്യ സെൻ വികസനത്തെ പ്രശ്നവത്കരിക്കുന്നത് പരിശോധിച്ചുകൊണ്ട് ഇത് വ്യക്തമാക്കാവുന്നതാണ്. പ്രബലവും അധീശസ്വഭാവവുമുള്ളതുമായ ഒരു വികസനവീക്ഷണത്തിന്റെ വിമർശനം ആയി സെന്നിന്റെ വീക്ഷണം അവതരിപ്പിക്കാനല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മറിച്ച് ആ വിമർശനത്തിന്റെ പീഠികയായി സെൻ അവലംബിക്കുന്ന മൂല്യ സംകല്പനങ്ങൾ പരാമർശിച്ചുകൊണ്ട് വികസന പ്രയോഗത്തെ ധാർമ്മികമായ പരിഗണനകൾക്കകത്ത് എങ്ങനെ കൊണ്ടുവരാം എന്നു കാണിക്കാനാണ്. അതേസമയം വികസനം എന്ന ആശയത്തെ തന്നെ ചോദ്യം ചെയ്തുകൊണ്ട് ഉയർത്തിക്കൊണ്ടുവരാവുന്ന മൂല്യസംകല്പനങ്ങളും ഉണ്ട് എന്നും ഓർക്കണം. ഭൂമിയെയും അതിന്റെ സന്തുലിതാവസ്ഥയെയും അപകടത്തിലാക്കുന്ന തരത്തിൽ മനുഷ്യർ അവരുടെ ഭൗതികജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റങ്ങൾ ഒരു പ്രത്യേക മൂല്യസംകല്പനത്തിൽ തെറ്റായിരിക്കാം. അത്തരം മാറ്റങ്ങൾ ധാർമ്മികമായി വൈകല്യം ബാധിച്ച ഒരു ജീവിതരൂപത്തെയാണ് മനുഷ്യർക്ക് പ്രാപ്യമാക്കുന്നത് എന്നും വാദിക്കാം. നാം ഇവിടെ പരിഗണിക്കുന്നത്, പക്ഷെ, ഭരണകൂടത്തിന്റെ ഇടപെടലിലൂടെ പ്രയുക്തമാകുന്ന വികസനത്തിന്റെ സാഹചര്യത്തിൽ ഉയരാവുന്ന ധാർമ്മികതയുടെ പ്രശ്നമാണ്. സ്വകാര്യസാമ്പത്തിക സംരംഭങ്ങളുടെ പരിചാലനങ്ങളെ, പ്രവർത്തനങ്ങളെ, നിയന്ത്രിക്കാൻ വിസമ്മതിക്കുന്ന ഭരണകൂടം നേരിട്ട് വികസനപ്രയോഗത്തിൽ ഏർപ്പെടാത്തപ്പോഴും ഈ അർത്ഥത്തിൽ ധാർമ്മികതയുടെ പ്രശ്നം ഉയരാവുന്നതാണ്. അതായത് സ്വകാര്യസാമ്പത്തിക സംരംഭങ്ങളിൽ നിയന്ത്രണംവിട്ട വികസനം, അത് ഭരണകൂടത്തിന്റെ ഒത്താശയോടെ അല്ലെങ്കിലും, തുല്യമോ, ചിലപ്പോൾ അതിലധികമോ ഋണാത്മകം ആയ പ്രത്യാഘാതങ്ങൾ ജനജീവിതത്തിൽ ഉണ്ടാക്കാം. അത് അധാർമ്മികമാവാം. അതുകൊണ്ട് ആസൂത്രിതവും അല്ലാത്തതുമായ വികസനത്തെ എന്തർത്ഥത്തിൽ ധാർമ്മികതയുടെ ഭൂതം പിന്തുടരുന്നു എന്നാണ് നാം നോക്കുന്നത്.

**വികസനം മനുഷ്യജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റം അതിൽ (മനുഷ്യജീവിതത്തിൽ) ഗുണമേന്മയുണ്ടാക്കുന്നുണ്ടോ എന്ന ചോദ്യം നാം ഉയർത്തുകയാണെങ്കിൽ എന്താണ് ആ ഗുണം എന്നും അതിന്റെ മൂല്യനിർണ്ണയം എങ്ങനെ സാധിക്കും എന്നും നമുക്ക് വ്യക്തമായിരിക്കണം. ഈ വ്യക്തതയുണ്ടെങ്കിൽ വികസനത്തെ മൂല്യനിർണ്ണയം ചെയ്യാൻ നാം പ്രാപ്തമാവും.**

വികസനവുമായി ബന്ധപ്പെട്ട ആസൂത്രണത്തിലും നയരൂപീകരണത്തിലും സംഭവിക്കുന്ന ഗുരുതരമായ പിഴവിലേയ്ക്ക് സെൻ നമ്മുടെ ശ്രദ്ധതിരിക്കുന്നു. ലക്ഷ്യത്തെയും മാർഗ്ഗത്തെയും കുറിച്ചുള്ള ആശയക്കുഴപ്പം ആണത് പ്രാഥമികമായി. ഈ ആശയക്കുഴപ്പം ഉത്പാദനത്തിലും സമൃദ്ധിയിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ ഭരണകൂടത്തെ പ്രേരിപ്പിക്കുന്നു. ഇവിടെ പുരോഗതിയെ നിർവചിക്കുന്നത് സാമ്പത്തിക വളർച്ചയുടെ അടിസ്ഥാനത്തിലാണ്. വിജയകരമായ വികസനമെന്ന് അധികൃതർ അതിനെ വിളിക്കുന്നു. ഒരു ജനായത്തവ്യവസ്ഥയിൽ, ജനങ്ങൾക്ക് വേണ്ടി ഭരണനിർവഹണം നടത്തപ്പെടുന്ന ഒരു വ്യവസ്ഥയിൽ, ഭരണകൂടത്തിന്റെ ആത്യന്തികമായ ഉത്കണ്ഠ ജനജീവിതമായിരിക്കും. അതായത്, ജനജീവിതം (ജനങ്ങളുടെ ക്ഷേമം) ആണ് ലക്ഷ്യം. ഉത്പാദനവും സമൃദ്ധിയും ആ ലക്ഷ്യത്തിലേയ്ക്കുള്ള മാർഗ്ഗം മാത്രമാണ്. സെന്നിന്റെ വീക്ഷണപ്രകാരം, ആശയക്കുഴപ്പം സംഭവിക്കുന്നത് ലക്ഷ്യത്തെ മാർഗ്ഗമായും മാർഗ്ഗത്തെ ലക്ഷ്യമായും എടുക്കുമ്പോഴാണ്. അപ്പോൾ ജനജീവിതത്തെ പുരോഗതി കൊണ്ടുവരുന്ന ഉപാധികളിയി മാത്രം എടുക്കേണ്ടിവരുന്നു. മനുഷ്യജീവികളുടെ ദ്വന്ദ്വഭൂമികയാണ് ലക്ഷ്യവും മാർഗ്ഗവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ആശയക്കുഴപ്പത്തിന്റെ ഒരു സ്രോതസ്സ്. നാം ഒരു ലക്ഷ്യത്തിന്നു വേണ്ടി പ്രവർത്തിക്കുമ്പോൾ ആ പ്രവർത്തനം നമ്മുടെ ലക്ഷ്യമായി മാറുന്നു. പിന്നീട്, എന്തായിരുന്നുവോ നമ്മുടെ ലക്ഷ്യം അത് പ്രവർത്തനത്തിന്നുള്ള മാർഗ്ഗമായി തീരുന്നു. ജീവിക്കാൻ വേണ്ടി പണിയെടുക്കുന്നു. അത് തിരിച്ച് പണിയെടുക്കാൻ വേണ്ടി ജീവിക്കലായി മാറുന്നു. മാർഗ്ഗവും ലക്ഷ്യവും അവയുടെ ഭൂമിക മാറ്റുന്നു.

ആസൂത്രണത്തിന്റെയും നയരൂപീകരണത്തിന്റെയും മുഖ്യലക്ഷ്യം സാമ്പത്തികസമൃദ്ധി പിന്തുടരലാണ് എന്നതിലല്ല പ്രശ്നമെന്ന് സെൻ ഓർമ്മപ്പെടുത്തുന്നു. അത് സ്വയം അയുക്തികമല്ല. സാമ്പത്തികാഭിവൃദ്ധി അന്തിമലക്ഷ്യമായിട്ടെടുക്കുന്നതിലാണ് പ്രശ്നം. അത് ഒരന്തരാളലക്ഷ്യം മാത്രമാണ്. അത് മനുഷ്യജീവിതങ്ങൾക്ക് എന്താണ് ആത്യന്തികമായി സംഭാവന ചെയ്യുന്നത് എന്നതിനെ ആശ്രയിച്ചാണ് അതിന്റെ പ്രാധാന്യം. സാമ്പത്തിക സമൃദ്ധിയിലുള്ള നേട്ടം മനുഷ്യജീവിതത്തെ അനിവാര്യമായി സമ്പന്നമാക്കുകയാണെങ്കിൽ പ്രശ്നമില്ല. പക്ഷെ, അത്ര മുറുക്കമുള്ള ബന്ധം യഥാർത്ഥത്തിൽ ലഭ്യമല്ലെന്ന് സെൻ പറയുന്നു. പ്രതിശീർഷവരുമാനം ഉയർന്ന ചില രാജ്യങ്ങൾ ജീവിതഗുണത്തെ സംബന്ധിച്ചിടത്തോളം താഴ്ന്ന നേട്ടങ്ങൾ ഉണ്ടാക്കുന്നവയാണെന്നത് ഒരു വസ്തുതയാണ്. അവിടങ്ങളിൽ ജനസംഖ്യയുടെ ഒരു ഗണ്യവിഭാഗം അകാലമരണം, നിരക്ഷരത, രോഗാവസ്ഥ എന്നിവയാൽ ബാധിക്കപ്പെട്ടവരാണ്. രണ്ട് വ്യതിരിക്തപ്രശ്നങ്ങളാണ് ഇതിൽ അന്തർഭവിച്ചിട്ടുള്ളതെന്ന് സെൻ ചൂണ്ടിക്കാട്ടുന്നു. ഒന്ന്, ജ

നജീവിതത്തെ സമ്പന്നമാക്കാനുള്ള ഉപാധികളിൽ ഒന്നു മാത്രമാണ് സാമ്പത്തികസമൃദ്ധി. രണ്ട്, സാമ്പത്തിക അഭിവൃദ്ധി യഥാർത്ഥത്തിൽ മൂല്യവത്തായ ലക്ഷ്യങ്ങളെ പിന്തുടരുന്നതിന് തീർത്തും അപ്രാപ്തമാണ്. സെൻപറയുന്നു, 'ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും തമ്മിലുള്ള വിലപിടിച്ച ആശയക്കുഴപ്പം മൂലം വികസനാസൂത്രണവും പൊതുനയവും ബാധിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ, നാം ലക്ഷ്യങ്ങളെ തിരിച്ചറിയൽ എന്ന പ്രശ്നം നേരിടണം. അതിന്റെ അടിസ്ഥാനത്തിലായിരിക്കണം മാർഗ്ഗങ്ങളുടെ ഫലപ്രാപ്തി മതിക്കപ്പെടേണ്ടത്'.

വികസനം മനുഷ്യജീവിതത്തിൽ കൊണ്ടുവരുന്ന മാറ്റം അതിൽ (മനുഷ്യജീവിതത്തിൽ) ഗുണമേന്മയുണ്ടാക്കുന്നുണ്ടോ എന്ന ചോദ്യം നാം ഉയർത്തുകയാണെങ്കിൽ എന്താണ് ആ ഗുണം എന്നും അതിന്റെ മൂല്യനിർണ്ണയം എങ്ങനെ സാധിക്കും എന്നും നമുക്ക് വ്യക്തമായിരിക്കണം. ഈ വ്യക്തതയുണ്ടെങ്കിൽ വികസനത്തെ മൂല്യനിർണ്ണയം ചെയ്യാൻ നാം പ്രാപ്തമാവും. ഈ ഗുണം സാംഖ്യമായി, അതായത് അളക്കപ്പെടാവുന്നവിധം, അനുഭവവേദ്യമാവണം. ആ ഗുണം ഇപ്പോൾ മനുഷ്യരുടെ ജീവിതത്തിൽ ഇത്രകണ്ട് ഉണ്ട് എന്ന് കൃത്യതയോടെ കാണിക്കാൻ കഴിയണം. മറ്റൊരുരീതിയിൽ പറഞ്ഞാൽ ആനുഭവികമായ പഠനങ്ങൾക്ക് വിഷയമാവാൻ യോഗ്യമായിരിക്കണം അത്. ഈ ദിശയിലേയ്ക്ക് നമ്മെ നയിക്കാൻ യോഗ്യമായ ഒന്നായി സെൻവിഭാവനം ചെയ്യുന്നത് മനുഷ്യജീവിതത്തെ 'ചെയ്യലുകളുടെയും ആയിരിക്കലുകളുടെയും' ഒരു ഗണമായി കാണുന്ന സമീപനമാണ്. ചെയ്യലുകളെയും ആയിരിക്കലുകളേയും വൃത്തികളായി കാണാം. വർത്തിക്കുന്നതിന്റെ മാനങ്ങളാണ് ചെയ്യലും ആയിരിക്കലും. ആയിരിക്കലിനെയും ചെയ്യലിനെയും ശേഷിയുമായി ബന്ധപ്പെടുത്തി കാണാം. ചെയ്യാനും ആയിരിക്കാനും പ്രാപ്തിയുണ്ടാവേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെടുത്തി 'വർത്തിക്കാനുള്ളശേഷി' ('വൃത്തിശേഷി') എന്ന ആശയം സെൻ ആവിഷ്കരിക്കുന്നു. ജീവിതത്തിന്റെ ഗുണത്തിന്റെ മൂല്യനിർണ്ണയത്തെ ഇപ്രകാരം വൃത്തിശേഷിയുടെ വില മതിപ്പുമായി ബന്ധപ്പെടുത്തുന്ന ഈ രീതി വൃത്തിശേഷി സമീപനം എന്നും അറിയപ്പെടുന്നുണ്ട്.

ആദംസ്മിത്തിനെയും കാറൽ മാർക്സിനെയും പോലെ സെന്നും വർത്തിക്കാനുള്ള മനുഷ്യരുടെ ശേഷിയെ അവരുടെ സുസ്ഥിതിയുടെ നിർണ്ണായക ഘടകങ്ങളായിട്ടെടുത്തു. 'രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ അടിത്തറയുടെ പുനർരൂപകല്പന എന്ന മാർക്സിന്റെ പരിപാടി മനുഷ്യർ തങ്ങൾക്കാവശ്യമായ പ്രവർത്തനങ്ങളെ സഫലീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവിത വിജയത്തെ കാണുന്നതുമായി ബന്ധപ്പെടുത്തുന്നു' എന്ന് സെൻ പറയുന്നു. വൃത്തിശേഷി സമീപനത്തിൽ വ്യത്യസ്ത വൃത്തികളുടെ സംയോജനമാണ് മനുഷ്യജീവിതത്തിന്റെ മൂലഘടകങ്ങൾ. വ്യക്തികൾ നിഷ്ക്രിയരല്ല, സക്രിയരാണ്. മനുഷ്യജീവിതം ഈ അർത്ഥത്തിൽ ക്രിയാത്മകമാണ്. വൃത്തികൾ എന്തൊക്കെയാണ്? പ്രാഥമികമായ വൃത്തികളിൽ, രോഗാവസ്ഥയിൽ നിന്നും മരണത്തിൽ നിന്നും രക്ഷപ്രാപിക്കുക, മതിയാം വണ്ണം പോഷിപ്പിക്കപ്പെടുക, സാധാരണഗതിയിലുള്ള ചലനങ്ങൾക്ക് പ്രാപ്തമാവുക എന്നിവ ഉൾപ്പെടുന്നു; സംകീർണ്ണമായ വൃത്തികൾ ആത്മാദരം നേടുക, സാമുദായിക ജീവിതത്തിൽ ഭാഗഭാക്കാകുക, ലജ്ജ അനുഭവപ്പെടേണ്ടിവരാതെ പൊതുമേഖലയിൽ പ്രത്യക്ഷപ്പെടുക തുടങ്ങിയവയും. സെന്നിന്റെവാദം 'ആയിരിക്കുന്നതി'നെ സംസ്ഥാപിക്കുന്ന ഘടകമാണ് വൃത്തികൾ എന്നാണ്. ഈ സംസ്ഥാപക മൂലകങ്ങളുടെ വിലമതിപ്പിന്റെ രൂപത്തിലായിരിക്കും വ്യക്തിയുടെ സുസ്ഥിതി മൂല്യനിർണ്ണയം ചെയ്യപ്പെടേണ്ടത്.

ഈ വീക്ഷണപ്രകാരം ഒരു ഭരണകൂടം നടപ്പിലിക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനത്തെ വിലമതിക്കേണ്ടത് അത് ആ രാജ്യത്തെ ജനങ്ങളുടെ യഥാർഥശേഷികളെ എത്രകണ്ട് സാക്ഷാൽക്കരിക്കാൻ അവസരമൊരുക്കുന്നു എന്ന് നോക്കിയാവണം. സെന്നിന്റെ സാമ്പത്തിക ശാസ്ത്രത്തിൽ നിന്ന് വ്യതിചലിക്കാത്ത സമീപനമാണെങ്കിലും തന്റെ ക്ഷേമസമ്പദ്ശാസ്ത്രത്തിന്റെ രൂപകല്പനയിൽ തത്വചിന്താപരവും ധാർമ്മികവുമായ പരിഗണനകൾ വലിയ അളവിൽ അദ്ദേഹം ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഇപ്പോൾ സുവിദിതമാണ്. ഇത് ഏറ്റവും കൂടുതൽ പ്രകടമായിട്ടുള്ളത് വികസനത്തെ സ്വാതന്ത്ര്യമായി സംകല്പിച്ചുകൊണ്ട് അതിനെ വിലയിരുത്താനുള്ള തന്റെ ശ്രമമാണ്. വൃത്തിശേഷി എന്ന ആശയത്തിന്റെ വിപുലീകരണമാണിതെന്നു പറയാം. യുക്തിയും അളവും അന്തർഭവിക്കുന്ന ഒരു പഠനത്തിലേയ്ക്ക് സ്വാതന്ത്ര്യത്തിന്റെയും നന്മയുടേയും (നൽവാഴ്വ്) പരിഗണനകൾ കടത്തിവിടുന്ന ഒരു സമീപനമാണിത്. സാമ്പത്തിക ശാസ്ത്രത്തിന്റെ കാഴ്ച്ചപ്പാടിൽ നിന്നുനോക്കുമ്പോൾ വികസനത്തെ സമീപിക്കാനായി അനുവദിക്കാവുന്ന ഒരേ ഒരു വിട്ടുവീഴ്ചയാവാം ഇത്. എന്തെന്നാൽ ഒരു രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്തൽ എന്നത് ഒരു ഒറ്റപ്പെട്ട സ്വകാര്യസംരംഭമല്ല. അത് ആ രാജ്യത്തെ മനുഷ്യരുടെ ജീവിതത്തെ മെച്ചപ്പെടുത്തുക എന്ന വിശാലമായ ലക്ഷ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു, പ്രത്യേകിച്ച് ആ രാജ്യത്തെ ഭരണം ഒരു സ്വകാര്യസംരംഭമല്ലെങ്കിൽ, അത് ജനങ്ങൾ അവർക്കുവേണ്ടിതന്നെ നടത്തുന്ന ഒന്നാണെങ്കിൽ.

സ്വതന്ത്രമായിരിക്കുകയെന്നത് മനുഷ്യർ ലോകത്ത് ആയിരിക്കുന്നതിന്റെ, നിലനിൽക്കുന്നതിന്റെ, മൂല്യപരമായ മാനമാണ്. അതുപോലെതന്നെ നന്നായിരിക്കുക എന്നതും. ഇവ വെറും പൊള്ളയായ സംകല്പങ്ങളല്ലാതിരിക്കണമെങ്കിൽ പൊതുവായ നിരീക്ഷണത്തിന്റെയും അളക്കലിന്റെയും മാനദണ്ഡങ്ങളനുസരിച്ച് ജനജീവിതത്തിൽ പ്രകടമായിരിക്കണം. ഏതൊക്കെ നിലമകളിൽ അവയുടെ അഭാവവും സാന്നിധ്യവും സംഭവിക്കുന്നു എന്നു നിശ്ചയിക്കാനാവണം. മനുഷ്യജീവിതത്തിന്റെ മൗലികാംശങ്ങളെ വൃത്തിശേഷികളുടെ സംയോജനമായി മനസ്സിലാക്കുമ്പോൾ മനുഷ്യരുടെ ഭൗതിക പ്രയോഗങ്ങളോട് സ്വാഭാവികമായി ഉദ്ഗ്രഥിതമായ ഒന്നായി ധാർമ്മികമൂല്യത്തെ എടുക്കേണ്ടതുണ്ട്. മനുഷ്യരുടെ ആയിരിക്കലിന്, അതിനാൽ അവരുടെ ചെയ്യലുകൾക്ക്, ഒരു ആന്തരികമൂല്യം, സ്വത:സിദ്ധമൂല്യം ഉണ്ട്. എന്തിനെങ്കിലും വേണ്ടിയല്ല അവർ ആയിരിക്കുന്നത്. ആയിരിക്കുന്നത് മനുഷ്യർക്ക് അതിൽ തന്നെ മൂല്യവത്താണ്.

വികസനത്തിലന്തർഭവിച്ച ധാർമ്മികത തേടുന്നതിന് നാം അതുകൊണ്ട് സമ്പദ്വ്യവസ്ഥയുടെ വേരുകൾ വരേയ്ക്കും പോകണം. ■